2018 ഫെബ്രുവരി 10
വാല്യം 11
ലക്കം 03

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 08

# ഒരു യുഗം അവസാനിച്ചു



**കുമ്പനാട് (പത്തനംതിട്ട):** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ മുൻ ജനറൽ പ്രസിഡന്റും സഭയുടെ ശുശ്രൂഷകന്മാരിൽ പ്രധാനിയുമായ ഹെബ്രോൻ ബംഗ്ലാവിൽ പാസ്റ്റർ റ്റി. എസ്. ഏബ്രഹാം (കുഞ്ഞൂഞ്ഞ് -93) കർത്തൃസന്നിധിയിൽ പ്രവേശിച്ചു. തെക്കേപ്പറമ്പിൽ സ്റ്റീഫൻ ഏബ്രഹാം എന്നാണ് പൂർണ്ണമായ പേര്.

ശ്വാസതടസത്തെ തുടർന്ന് ജനുവരി 30-ന് ഉച്ചകഴിഞ്ഞ് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തിരികെ ഫെബ്രുവരി നാലിന് പുലർച്ചെ കുമ്പനാട്ടെ ഭവനത്തിൽ കൊണ്ടുവന്നു. എന്നാൽ വീണ്ടും രോഗം മൂർച്ഛിക്കുകയായിരുന്നു. തിങ്കൾ രാവിലെ ഏഴ് മണിയോടെ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

സഭയുടെ ജനറൽ സെക്രട്ടറിയായും സ്റ്റേറ്റ് സെക്രട്ടറിയായും യുവജനസംഘടനയായ പി.വൈ.പി.എയുടെ സ്ഥാപക സെക്രട്ടറിയായും, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറി പ്രസിഡന്റായും സേവനം ചെയ്തിട്ടുണ്ട്. സഭയുടെ വേദപാഠശാലയായ ഹെബ്രോൻ ബൈബിൾ കോളജിന്റെയും ഇന്ത്യ ബൈബിൾ കോളജിന്റെയും ദീർഘകാല പ്രിൻസിപ്പൽ ആയിരുന്നു. ഇന്ത്യ ബൈബിൾ കോളജിന്റെ പ്രസിഡന്റ് എമരിറ്റസും ഐ. പി. സി. കുമ്പനാട് സെന്റർ ശുശ്രൂഷകനുമാണ്. സഭയുടെ സീനിയർ ജനറൽ മിനിസ്റ്റർ സ്ഥാനം നൽകി ആദരിച്ചു.

സഭയുടെ സ്ഥാപകൻ പരേതനായ പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെയും (ഉണ്ണൂണ്ണി സാർ) അന്നമ്മ ഏബ്രഹാമിന്റെയും സീമന്ത പുത്രനാണ്. ഭാരതത്തിലെ പെന്തെക്കോസ്ത് ചരിത്രത്തോടൊപ്പം കൂട്ടിവായിക്കേണ്ട കുടുംബമാണ് പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റേത്.

1947 ആലുവ യൂണിയൻ ക്രിസ്ത്യൻ (U.C) കോളജിൽ ബി.എ. യ്ക്ക് പഠിക്കുമ്പോഴാണ് സഭയുടെ യുവജനസംഘടനയായ പെന്തെക്കോസ്ത് യുവജന സംഘടനയ്ക്ക് (പി.വൈ.പി.എ) രൂപം നൽകുന്നത്. തുടർന്ന് വൈദീക പഠനത്തിനായി അമേരിക്കയിലെ ടെക്സസിൽ എത്തുകയും അവിടെ നിന്ന് B.D., M.R.E. ബിരുദങ്ങൾ നേടുകയും ചെയ്തു. തിരികെ ഇന്ത്യയിൽ എത്തി ആന്ധ്രായിലും കേരളത്തിലും സഭാ പ്രവർത്തനങ്ങളിൽ പങ്കാളിയായി. സഭയുടെ കേരള സ്റ്റേറ്റ് സെക്രട്ടറിയായി 10 വർഷവും, ജനറൽ പ്രസിഡന്റായി ആറ് വർഷവും സഭാ നേതൃത്വത്തിൽ ഉണ്ടായിരുന്നു. അമേരിക്കയിലെ ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ സ്ഥാപകനുമാണ്.

യഹൂദനും പാലസ്തീനും, പുതിയനിയമ സർവ്വേ, വേദപുസ്തക ഭൂമിശാസ്ത്രം, പെന്തെക്കോസ്ത് പ്രസ്ഥാനം, വേദ 06

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്
## പാസ്റ്റർ ജെ ജോസഫ് കൗൺസിൽ സെക്രട്ടറി


പാസ്റ്റർ ജെ ജോസഫ്


പാസ്റ്റർ കെ. ജി ജോൺ


പാസ്റ്റർ വി. പി. തോമസ്


പാസ്റ്റർ വൈ മോനി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ ജെ ജോസഫ് വീണ്ടും തെരെഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ റവ. സി സി തോമസിന്റെ അദ്ധ്യക്ഷതയിൽ മുളക്കുഴയിൽ നടന്ന സ്റ്റേറ്റ് കൗൺസിലിലാണ് തെരെഞ്ഞെടുപ്പ് നടന്നത്. ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ വി. പി തോമസും, ട്രഷററായി പാസ്റ്റർ കെ. ജി ജോണും, ജോയിന്റ് ട്രഷററായി പാസ്റ്റർ വൈ മോനിയും തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ് കൗൺസിൽ ചെയർമാനായി തുടരും.

ജനുവരി 9-ാം തീയതി മുളക്കുഴയിൽ നടന്ന കൗൺസിൽ തെരെഞ്ഞെടുപ്പിൽ പാസ്റ്റർമാരായ ഷിബു. കെ മാത്യു, വിനോദ് ജേക്കബ്, വൈ. റെജി, ഏ. റ്റി ജോസഫ്, ജെ. ജോസഫ്, തോമസ് എം. പുളിവേലിൽ, ജോസ് ബേബി, പി. എ ജെറാൾഡ്, റ്റി. എ ജോർജ്, ക്രിസ്റ്റഫർ. റ്റി രാജു, ഷിജു മത്തായി, ജോൺസൻ ദാനിയേൽ, കെ. ജി ജോൺ, വൈ. മോനി, വി. പി തോമസ് എന്നിവരെ 2018-20 വർഷത്തെ 15 അംഗ സ്റ്റേറ്റ് കൗൺസിലംഗങ്ങളായി തെരെഞ്ഞടുത്തിരുന്നു.

പാസ്റ്റർ ജെ ജോസഫ് വള്ളംകുളം ഓണാട്ട് പാസ്റ്റർ ഒ. ജെ ജോസഫിന്റെ മകനായി ജനിച്ചു. വിദ്യഭ്യാസനന്തരം തിരുവല്ല ശാരോൻ ബൈബിൾ കോളേജ്, ഭോപ്പാൽ ഇന്ത്യാ ഫുൾ ഗോസ്പൽ തിയോളജിക്കൽ കോളേജ് എന്നിവിടങ്ങളിൽ വേദപഠനം പൂർത്തിയാക്കി. അടൂർ സൗത്ത് ഡിസ്ട്രി 06

## സംയുക്ത പ്രാർത്ഥന ഏപ്രിൽ 10ന്

പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ


മുളക്കുഴയിൽ നടന്ന ആലോചനാ മീറ്റിംഗിൽ റവ. സി. സി. തോമസ് ആമുഖ സന്ദേശം നൽകുന്നു. പാസ്റ്റർ കെ. സി. ജോൺ സമീപം

**മുളക്കുഴ:** ഏപ്രിൽ 10ന് തിരുവല്ലയിൽ നടക്കുന്ന ദേശീയ പ്രാർത്ഥന ഈ കാലഘട്ടത്തിലേക്കുള്ള ദൈവീക നിയോഗമാണ്. വ്യത്യസ്ത സഭകൾ, ഒന്നിച്ചുചേർന്ന് പ്രാർത്ഥിക്കുമ്പോൾ ദൈവീക വിടുതലുകൾ ദൃശ്യമാകും. ഐ.പി.സി. 06

## സാക്ഷി



ഏപ്രിൽ 10-ന് ഐക്യ പ്രാർത്ഥന തിരുവല്ലയിൽ നടക്കും - **വാർത്ത**

*ഈ ഐക്യതയിൽ ആത്മാർത്ഥത ഉണ്ടെങ്കിൽ ദൈവപ്രവർത്തി നടക്കും.*

## NACOG 2018
## പ്രമോഷണൽ മീറ്റിംഗ് ഡാളസിൽ


റവ. ജെയിംസ് റിച്ചാർഡ്


ബ്രദർ വിജു തോമസ്


ബ്രദർ ഡേവിഡ് കുരുവിള


ബ്രദർ ഫിലിപ്പ് തോമസ്

2018 ജൂലൈ 19-22 വരെ ഒക്കലഹോമയിൽ നടക്കുന്ന നാക്കോഗ് 2018 പ്രമോഷണൽ മീറ്റിംഗ് ഫെബ്രുവരി 17 ശനി വൈകിട്ട് 7 മണിക്ക് ഡാളസ് മെട്രോ ചർച്ച് ഓഫ് ഗോഡിൽ നടക്കും. റവ. ബാബു ഐപ്പിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ നാക്കോഗ് 2018 ഔദ്യോഗിക ഭാരവാഹികൾ 02

## വടക്കേ ഇൻഡ്യയുടെ അപ്പോസ്തലൻ
## ഡോ. പോൾ പിള്ള നിത്യതയിൽ



**ഡൽഹി:** ഇന്ത്യൻ ഇൻലാൻഡ് മിഷൻ സ്ഥാപകൻ, ദയാവിഹാർ ഗ്രേസ് ബൈബിൾ കോളേജ് എന്നിവയുടെ സ്ഥാപകനും പ്രസിഡന്റുമായിരുന്ന ഡോ. കെ. വി. പോൾ പിള്ള (86) നിത്യതയിൽ.

ആൻഡമാൻസിൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി സേവനം അനുഷ്ഠിച്ചു വരവെ പോൾ പിള്ള മുപ്പത്തിമൂന്നാം വയസിൽ യേശുവിനെ കണ്ടെത്തുകയും തന്റെ ജീവിതം പൂർണ്ണമായും ഇന്ത്യയുടെ സുവിശേഷീകരണത്തിനായി മാറ്റിവെയ്ക്കുകയുമായിരുന്നു.

ഒരു കാലത്ത് ആയിരക്കണക്കിന് യുവതീയുവാക്കന്മാരെ ഏഷ്യയിൽ നിന്ന് തന്നെ കർത്തൃവേലയിലേക്ക് കരം പിടിച്ചു നടത്തുകയും ചെയ്ത കർത്തൃദാസൻ ഡോ. കെ. വി. പോൾപിള്ള ശ്രീ പട്ടം താണുപിള്ളയുടെ സഹോദരി 06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFiCE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


# സഭാ സ്വത്തുക്കൾ സംരക്ഷിക്കപ്പെടണം

## എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ആശങ്കാജനകമായ സംഭവങ്ങളാണ് നമ്മുടെ ചുറ്റുപാടും നടക്കുന്നത്. ഭരണഘടനയും കീഴ്വഴക്കങ്ങളും ഉറപ്പുനൽകുന്ന അവകാശങ്ങൾ എവിടെയും നിഷേധിക്കപ്പെടുന്നു. കഴിഞ്ഞ ദിവസം കുമ്പനാട്ട് ഉണ്ടായ സംഭവം അതീവ ഗൗരവം അർഹിക്കുന്നതാണ്. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ളതും. കുമ്പനാട് ബഥേൽ ചർച്ചും ബഥേൽ ലേഡിസ് ബൈബിൾ കോളേജും സ്ഥിതി ചെയ്യുന്ന സ്ഥലം, ഗെയ്റ്റ് പൊളിച്ച് കയ്യേറി ഒരു രാഷ്ട്രീയ പാർട്ടിയുടെ കൊടി കുത്തിയ സംഭവം അതീവ ഗൗരവകരമാണ്.കേരളത്തിൽ പെന്തക്കോസ്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന സ്ഥലത്ത് അരങ്ങേറിയ ദൗർഭാഗ്യകരമായ ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത് കേരളത്തിലെവിടെയും പെന്തക്കോസ്തർ സുരക്ഷിതരല്ലെന്നാണ്. ഏതു നിമിഷവും ഇത്തരം ആക്രമണങ്ങൾ എവിടെയും ഉണ്ടാകുവാനുള്ള സാദ്ധ്യതയും തള്ളിക്കളയനാവില്ല. ഭാരതത്തെ സുവിശേഷികരിക്കുക എന്ന വലിയ ദൗത്യവുമായി കേരളത്തിലെത്തിയ വിദേശ മിഷണറി വര്യന്യായ റോബർട്ട് എഫ് കുക്ക് 1920-ൽ സഭയ്ക്കായി വാങ്ങിയ സ്ഥലത്താണ് ഇപ്പോൾ സഭയും ബൈബിൾ കോളേജും സ്ഥിതി ചെയ്യുന്നത്. അങ്ങനെയുള്ള സ്ഥലത്ത് നടന്ന ആക്രമണം അപലപിക്കേണ്ടതാണ്. ഇത് മതനിരപേക്ഷതയ്ക്ക് ഭംഗം വരുത്തുന്ന ഒന്നാണ് എന്നതാണ് സത്യം. മതനിരപേക്ഷത മതേതരത്വം എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. എല്ലാ മതങ്ങളേയും സമഭാവനയോടും തുല്യ ബഹുമാനത്തോടെയും കാണുവാൻ കഴിയുക എന്നാണ് അർത്ഥമാക്കുന്നത്. ഭരണ വർഗ്ഗത്തിൽ നിന്നും ഏവരും പ്രതീക്ഷിക്കുന്നതും അതാണ്. ഒരിക്കലും സ്വാർത്ഥ താല്പര്യങ്ങൾക്കായി ആക്രമണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ പാടില്ല. അതിനർത്ഥം ന്യൂനപക്ഷത്തിന് എല്ലാം നല്കി കൊടുക്കുക എന്നല്ല മറിച്ച് ഭരണകൂടം ഒരു മതത്തോടും ആഭിമുഖ്യം പുലർത്താതെ മതവിമുക്തമായി മാറി എല്ലാവരേയും ഒരു പോലെ കാണണം. മതത്തിന്റെ പേരിലോ വിശ്വാസത്തിന്റെ പേരിലോ ആരും ഇവിടെ ആക്രമിക്കപ്പെടുകയോ സ്വത്തുക്കൾ കയ്യേറുകയോ ചെയ്യുവാൻ പാടില്ല. അതല്ലായെങ്കിൽ ഇൻഡ്യയെപ്പോലെ നാനജാതിമതസ്ഥർ അധിവസിക്കുന്ന ഒരു രാജ്യത്ത് അത് അവസാനിക്കാത്ത മതവൈരത്തിനും കലഹങ്ങൾക്കും കാരണമാകും. അതുകൊണ്ട് തന്നെ മതനിരപേക്ഷത പ്രാണവായു പോലെ സംരക്ഷിക്കപ്പെടേണ്ടതാണ്. അങ്ങനെ ഒന്നിനു സാധിച്ചില്ലായെങ്കിൽ ജനങ്ങളുടെ സമാധാന ജീവിതം തകരുകയും അത് സമൂഹത്തിന്റെ നിലനില്പിനു തന്നെ ഭീക്ഷണി ആകുകയും ചെയ്യും. ഭൂരിപക്ഷം നിയമം കൈയിലെടുക്കാനും തങ്ങളുടെ ഇംഗിതങ്ങൾ അടിച്ചേൽപിക്കാനും തുടങ്ങുമ്പോൾ ജനാധിപത്യവും സ്വാതന്ത്ര്യവും മതേതരത്വവുമാണ് ഭീഷണിയിലാവുക. അതിന്റെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ, ഈ അക്രമിക്കൂട്ടങ്ങളെ അഴിഞ്ഞാടാൻ അനുവദിക്കുന്നവർക്ക് പിന്നീട് നിയന്ത്രിക്കാനായെന്നു വരില്ല. സംഭവഗതികൾ കൈവിട്ടു പോകുംമുമ്പ് ഇടപെടാൻ ഭരണനേതൃത്വങ്ങൾ തയാറാകണം. മതത്തെ പ്രത്യക്ഷവൽക്കരിക്കാതെയാണെങ്കിലും ഭൂരിപക്ഷ മതത്തിന്റെ അടിസ്ഥാനത്തിലുള്ള ഭരണകൂട സ്ഥാപനം വഴി രാജ്യത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവുകയില്ല. അത് ഒരു മതാധിഷ്ഠിത ഭരണകൂടമല്ലെങ്കിൽ പോലും ഈ കാര്യം സാധ്യമാകുകയില്ലെന്നതാണ് ചരിത്രം നൽകുന്ന പാഠം.ഈ പ്രക്രിയയിൽ ആദ്യം തകർക്കപ്പെടുന്നത് മതനിരപേക്ഷതയെന്ന ഉന്നതമായ സമസൃഷ്ടി ബോധത്തെയാണ്. അതുകൊണ്ട് ഇത്തരം മതാന്ധതയ്ക്കെതിരെ ജാഗ്രത പാലിക്കുവാനും ഏത് വിധത്തിലുള്ള മതതീവ്രവാദത്തെയും ചെറുക്കുവാനും പുരോഗമന വീക്ഷണത്തിലടിയുറച്ച മതനിരപേക്ഷ സങ്കൽപത്തെ ഏതുവിധേനയും സംരക്ഷിക്കുകയും ചെയ്യുവാൻ നാം പ്രതിജ്ഞാബദ്ധരാവുക. വർത്തമാനകാല സമൂഹത്തിൽ ഉയരുന്ന ഇത്തരം വെല്ലുവിളികൾ കണ്ടില്ലെന്ന് നടിക്കുവാൻ നമുക്ക് ആവില്ല. എന്നാൽ പന്തം കൊളുത്തി പ്രകടനമോ, പ്രതിക്ഷേധ റാലിയോ ധർണയോ നടത്തുകയല്ല നാം ചെയ്യേണ്ടത്. നാം ഒരു അപ്പത്തിന്റെയും പാനപാത്രത്തിന്റെയും പങ്കുകാരണെന്ന് മനസ്സിലാക്കി. കണ്ണുനീരോടെ ദൈവസന്നിധാനത്തിങ്കൽ മുട്ടു മടക്കി പ്രാർത്ഥിക്കുകയാണ് വേണ്ടത്. സഭാ സംഘടനാ വ്യത്യസമില്ലാതെ ദൈവസന്നിധിയിലേക്ക് ഏകമനസ്സോടെ നമ്മുടെ വിഷമതകളെ പകരുവാൻ നാം ഒരുക്കമെങ്കിൽ സർവ്വശക്തനായ ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് സ്വർഗ്ഗത്തിൽ നിന്നും ഉത്തരം ആരുളിത്തരും. ആ പ്രാർത്ഥന പ്രതികാര മനോഭാവത്തോടെയല്ല മറിച്ച് സ്നേഹഭാവത്തോടെ. ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ച നാഥന്റെ അനുയായികൾ ആക്രമ പാതയല്ല, സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കി അവരെ ദഹിപ്പിച്ചു കളുവാനുമല്ല. അവവരുടെ മാനസാന്തരത്തിന് വേണ്ടി, ഇത്തരം അക്രമണ മാർഗ്ഗങ്ങളിൽ അവർ പിന്തിരിയുവാൻ വേണ്ടി നാം പ്രാർത്ഥിക്കണം. സ്വന്തം ഭർത്താവും കുഞ്ഞുങ്ങളും അക്രമികളാൽ കൊല്ലപ്പെട്ട് വെന്ത് വെണ്ണീറായി തീർന്നപ്പോൾ അവരുടെ സംസ്കാര ശുശ്രൂഷ നടക്കുന്നതിന് മുന്നമെ ഗ്ലാഡി സ്റ്റെയിൻസ് എന്ന ധീര വനിത പറഞ്ഞു ഇതു ചെയ്തവരോട് ഞാൻ ക്ഷമിക്കുന്നു എന്ന്. അതാണ് ക്രിസ്തു മാർഗ്ഗം. അതു തന്നെ നാമും പിന്തുടരണം.

## 08 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവ....

എന്തു നേടിയിട്ടും നിത്യത നമുക്ക് നഷ്ടമായാൽ അതുകൊണ്ട് എന്തു ലാഭമാണ് ഉള്ളത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഞായറാഴ്ചത്തെ സംയുക്ത സഭായോഗത്തിന് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ ജോസഫ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വൈ റെജി സങ്കീർത്തനം വായിച്ചു. പാസ്റ്റർ ജോൺസൻ ദാനിയേൽ സങ്കീർത്തന പ്രബോധനം നടത്തി. വിശുദ്ധ തിരുമേശ ശുശ്രൂഷയ്ക്ക് ഓവർസിയർ പാസ്റ്റർ സി സി തോമസ് നേതൃത്വവും പാസ്റ്റർ എം കുഞ്ഞപ്പി സന്ദേശവും നല്കി. ബ്രദർ ജോസഫ് മറ്റത്തുകാല നന്ദി പ്രാകാശിപ്പിച്ചു. 2016- 2018 കലായളവിലെ ദൈവസഭാ ഭരണസമിതി അംഗങ്ങൾക്ക് യാത്ര അയപ്പും, 2018- 2020 കാലഘട്ടത്തിലേക്കുള്ള ദൈവസഭയുടെ ഭരണസമിതി അംഗങ്ങളെ സഭായോഗത്തിൽ ഓവർസിയർ പാസ്റ്റർ സി തോമസ് പ്രാർത്ഥിച്ച് നിയമിച്ചു. പാസ്റ്റർമാരായ കെ. വൈ ഗീവർഗിസ്, സണ്ണി ഏബ്രഹാം, ക്രിസ്റ്റഫർ റ്റി രാജു, വൈ ജോസ്, റ്റി. എ ജോർജ്, പി. ജി ശാമുവേൽ, തോമസ് എം. പുളിവേലിൽ, സി. എസ് ഈശോ, ബ്രദർ കെ. ഏബ്രഹാം എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ കെ. സി ജോണിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൺവൻഷൻ സമാപിച്ചു.

22-ാം തീയതി പാസ്റ്റർ വൈ റെജിയുടെ അദ്ധ്യക്ഷതയിൽ ഓവർസിയർ പാസ്റ്റർ സി സി തോമസ് ഉത്ഘാടനം ചെയ്ത് ആരംഭിച്ച യോഗത്തിൽ പവ്വർ കോൺഫറൻസ്, ശുശ്രൂഷക സമ്മേളനം, ലേഡിസ് മീറ്റിംഗ്, ബൈബിൾ കോളേജ് ഗ്രാഡുവേഷൻ, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സമ്മേളനം, സൺഡേ സ്കൂൾ- യുവജന സമ്മേളനം തുടങ്ങിയയവ കൺവൻഷനോട് അനുബന്ധമായി നടത്തപ്പെട്ടു. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ പ്രിൻസ് തോമസ്, പി. ആർ ബേബി, ഷിബു. കെ മാത്യു, വിനോദ് ജേക്കബ്ബ്, വി. ഓ. വർഗീസ്, പി. ഐ ഏബ്രഹാം, റെജി മാത്യു ശാസ്താംകോട്ട, അനിഷ് ഏലപ്പാറ, പി. സി ചെറിയാൻ, ജെയിംസ് റിച്ചാർഡ്, ജോൺ തോമസ്, ജോസ് എണ്ണിക്കാട്, കുര്യൻ ജോർജ്, മാത്യു കെ ഫിലിപ്പ്, ഏബ്രാഹാം വർഗിസ്, വി. പി തോമസ്, ഡോക്ടർ ജെയ്സൺ തോമസ്, ഡോക്ടർ സി. റ്റി ലൂയിസ്കുട്ടി, എ. റ്റി ജോസഫ്, സാംകുട്ടി മാത്യു, എബി റ്റി ജോയി, ഷൈജു തോമസ് ഞാറയ്ക്കൽ, വി. വി അല്ക്സാണ്ടർ, അശോക് മാത്യു അലക്സ്, ബിനു ജോർജ്, ജോൺ ഫിലിപ്പ്, സുബാഷ് സി ദാനിയേൽ, സിസ്റ്റർ അന്നമ്മ നൈനാൻ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. റ്റി. എം മാമച്ചൻ, ബാബു ചെറിയാൻ, വി. റ്റി ഏബ്രഹാം, ഏബ്രാഹാം മാത്യു കൊട്ടാരക്കര, കെ. എം ചെറിയാൻ, ഏബ്രഹാം മാത്യു കോട്ടയം, ജോൺ ജോസഫ് പി, സി. എം വത്സലദാസ്, സജി ജോർജ്, പി. എ ജെറാൾഡ്, തോമസ്കുട്ടി ഏബ്രഹാം, ഷിജു മത്തായി, ജോസ് ബോബി എന്നിവർ വിവിധ യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വൈ ജോസിന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ജനറൽ കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്ക് ഓവർസിയർ പാസ്റ്റർ സി സി തോമസ് ജനറൽ കൺവീനറായും, പാസ്റ്റർമാരായ ജെ. ജോസഫ്, വൈ റെജി എന്നിവർ ജോയിന്റ് ജനറൽ കൺവീനറായും ഉള്ള വിപുലമായ കമ്മറ്റിയും ബിലിവേഴ്സ് ബോർഡ് വൈസ് പ്രസിഡന്റ് ബ്ര. സി. പി വർഗിസ് , ബ്ര. ജോസഫ് മറ്റത്തുകാല എന്നിവരും നേതൃത്വം നല്കി.

## ബാലസുവിശേഷീകരണത്തിൽ പുത്തൻ ചുവടുവെയ്പ്പുമായി ഷാലത്ത് വി.ബി.എസ്.

**തിരുവല്ല:** ബാലസുവിശേഷകരണത്തിന് പുത്തൻ പാഠ്യപദ്ധതിയുമായി ആരംഭിച്ചിരിക്കുന്ന ഷാലത്ത് വി.ബി.എസിന്റെ ഉദ്ഘാടന സമ്മേളനം 2018 ഫെബ്രുവരി 8-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് മഞ്ഞാടി ഇവാഞ്ചലിക്കൽ ചർച്ച് ആഡിറ്റോറിയത്തിൽ വെച്ച് നടന്നു. മിസ്റ്റർ ആർ. സ്റ്റാൻലി അദ്ധ്യക്ഷനായിരുന്ന പ്രസ്തുത സമ്മേളനം ഷാലത്ത് വി. ബി.എസിന്റെ ചെയർമാൻ മിസ്റ്റർ കെ. സി. ചെറിയാൻ ഉദ്ഘാടനം നിർവ്വഹിച്ചു.

കേരളത്തിലും വടക്കേ ഇൻഡ്യയിലേക്കും വ്യത്യസ്തവും പുതുമയും നിറഞ്ഞ പുത്തൻ പാഠപദ്ധതിക്ക് നേതൃത്വം നൽകുന്നത് പാസ്റ്റർ വി. പി. ഫിലിപ്പ്, പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ എബി ഏബ്രഹാം, മിസ്റ്റർ കെ. സി. ചെറിയാൻ, ആർ. സ്റ്റാൻലി, ജോൺ തോമസ്, പാസ്റ്റർ തേജസ്സ് ജേക്കബ് വർഗീസ് തുടങ്ങിയവരാണ്.

പ്രസ്തുത പ്രവർത്തനങ്ങൾക്ക് മിസ്റ്റർ കെ. സി. ചെറിയാൻ ചെയർമാനായും, റവ. സണ്ണി താഴാംപള്ളം പ്രസിഡന്റായും, മിസ്റ്റർ ജോൺ തോമസ് സെക്രട്ടറിയായും, പാസ്റ്റർ തേജസ് ജേക്കബ് വർഗീസ് ഡയറക്ടറായും, പാസ്റ്റർ ബോവസ് ആർ ട്രഷററായും, മിസ്റ്റർ ഇ. കെ. മത്തായി, പാസ്റ്റർ ഷ്യാം കൃഷ്ണ ജോ. സെക്രട്ടറിമാരായും നേതൃത്വം നൽകി.


## 01 NACOG 2018...

പങ്കെടുക്കുകയും കോൺഫറൻസ് ഒരുക്കങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യും. റവ. ജെയിംസ് റിച്ചാർഡ് (നാഷണൽ പ്രസിഡന്റ്), റവ. ഫിജോയ് ജോൺസൺ (വൈസ് പ്രസിഡന്റ്), ബ്രദർ വിജു തോമസ് (സെക്രട്ടറി), ബ്രദർ ഡേവിഡ് കുരുവിള (ട്രഷറർ), പാസ്റ്റർ ബെഞ്ചമിൻ വർഗീസ് (യൂത്ത് കോർഡിനേറ്റർ), അമ്മിണി മാത്യു (എൽ.എം. പ്രസിഡന്റ്), ബ്രദർ പ്രസാദ് തീയാടിക്കൽ (മീഡിയ കോർഡിനേറ്റർ) തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് പ്രവർത്തനങ്ങൾക്ക് ചുമതല വഹിക്കുന്നത്. നാക്കോഗ് ക്വയറിന്റെ മ്യൂസിക് നൈറ്റും ഡാളസ് പ്രമോഷണൽ മീറ്റിംഗിൽ നടക്കും.

കൂടുതൽ വിവരങ്ങൾക്ക് www.northamericancog.org

എനിക്കും പറയാനുണ്ട്

# പാസ്റ്റർ ടി. എസ്. ഏബ്രഹാം എന്റെ ഗുരുനാഥൻ



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

തെക്കേപ്പറമ്പിൽ സ്റ്റീഫൻ ഏബ്രഹാം എന്ന പാസ്റ്റർ ടി. എസ്. ഏബ്രഹാമിനോട് എനിക്ക് എന്നും ആദരവാണ് തോന്നിയിട്ടുള്ളത്. അതിന് പല കാരണങ്ങളുണ്ട്. 1988-ൽ കുമ്പനാട് ഹെബ്രോനിലേക്ക് പഠനത്തിനായി എത്തിയ അന്നുമുതൽ അദ്ദേഹത്തെ ഞാൻ അടുത്ത് നിരീക്ഷിച്ചിട്ടുണ്ട്. പെന്തെക്കോസ്തിലെ മാന്യമായ ഒരു മുഖമായിട്ടാണ് എനിക്ക് അദ്ദേഹത്തെക്കുറിച്ച് എപ്പോഴും തോന്നിയിട്ടുള്ളത്. ഒരു ആവശ്യവുമായി തന്റെ അടുക്കൽ എത്തുന്നവരെ സഹായിക്കുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിൽ ഞാൻ കണ്ടിട്ടുള്ളത്. ഐ.പി.സി.ക്ക് പുറത്തുള്ള ആൾ എന്ന നിലയിൽ ഈ പ്രസ്ഥാനത്തിൽ എനിക്ക് ഏറ്റവും താല്പര്യം തോന്നിയിട്ടുള്ളത് പാസ്റ്റർ ടി. എസ്. ഏബ്രഹാമിനോട് തന്നെയാണ്. ആദരണീയരും ബഹുമാന്യരുമായ അനവധി ദൈവഭൃത്യന്മാർ ഈ പ്രസ്ഥാനത്തിലുണ്ട് എന്നത് മറക്കുന്നില്ല.

പെന്തെക്കോസ്തിന് വെളിയിൽ മറ്റ് ക്രൈസ്തവ സമൂഹങ്ങളിൽ മാത്രമല്ല പൊതുസമൂഹത്തിൽ പെന്തെക്കോസ്തിന്റെ മാന്യമായ മുഖമായിരുന്നു കർത്താവിന്റെ ദാസൻ പാസ്റ്റർ ടി. എസ്. ഏബ്രഹാമിന്റേത്. വിവിധ പൊതുസമൂഹങ്ങളിൽ പെന്തെക്കോസ്തിനെ പ്രതിനിധീകരിച്ച് സംസാരിക്കുമ്പോൾ സൗമ്യതയോടെയുള്ള തന്റെ പ്രഭാഷണങ്ങൾ ആരെയും തന്നോട് അടുപ്പിക്കുകയാണ് ചെയ്യാറുള്ളത്. ആളുകളെ ഇളക്കിമറിക്കുന്ന പണ്ഡിതോചിതമായ പ്രഭാഷണങ്ങളൊന്നും താൻ നടത്തിയിട്ടില്ലെങ്കിലും സൗമ്യമായ തന്റെ വാക്കുകൾ ആരെയും എന്നും ആകർഷിച്ചിട്ടുണ്ട്.

പാസ്റ്റർ ടി.എസ്.ഏബ്രഹാമിന്റെ ശുശ്രൂഷകളിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ളത് കാർമ്മിക ശുശ്രൂഷകളാണ്. വിവാഹശുശ്രൂഷയും കർത്തൃമേശാ ശുശ്രൂഷയും മിതമായ വാക്കുകളിലൂടെയും ഭംഗിയായും താൻ ചെയ്യുന്നത് എനിക്ക് സന്തോഷം പകർന്നിട്ടുണ്ട്. ചില സമയങ്ങളിൽ ദേഷ്യപ്പെടുന്ന പാസ്റ്റർ ടി. എസിനെ കണ്ടിട്ടുണ്ടെങ്കിലും അതിനേക്കാൾ വേഗം വാത്സല്യത്തോടെ ഇടപെടുന്നതു എന്നെ അത്ഭുതപ്പെടുത്തി.

തന്നെ തകർക്കുവാൻ ചില കേന്ദ്രങ്ങൾ നടത്തിയ ഗൂഢനീക്കങ്ങൾ മാനസികമായി അദ്ദേഹത്തെ ക്ഷീണിപ്പിച്ച സന്ദർഭങ്ങളുണ്ട്. എന്നാൽ സമചിത്തത കൈവിടാതെയും സഹിഷ്ണതയോടെയും അത്തരം ആക്രമണങ്ങളെ അദ്ദേഹം അതിജീവിച്ചു. അദ്ദേഹത്തോട് ബഹുമാനത്തോടുകൂടിയ ഭയം എല്ലാവർക്കും ഉണ്ടായിരുന്നു. അപ്പോൾത്തന്നെ അദ്ദേഹത്തെ സ്നേഹിക്കുവാൻ വലിയൊരുകൂട്ടം എപ്പോഴും കൂടെ ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. കുഞ്ഞൂച്ചായൻ എന്ന് അടുപ്പമുള്ളവർ വിളിക്കുമ്പോൾ വേദവിദ്യാർത്ഥികൾക്ക് അദ്ദേഹം പപ്പാ ആയിരുന്നു.

ഗുരുനാഥൻ എന്ന നിലയിൽ അദ്ദേഹത്തെക്കുറിച്ച് ഒത്തിരി നല്ല ഓർമ്മകൾ എന്റെ മനോമുകുരത്തിൽ എന്നും തളിർപ്പോടെ നിൽക്കുന്നുണ്ട്. അന്ന് ഹെബ്രോൻപുരത്തിന് ഇത്രയും ആർഭാടമില്ലായിരുന്നു. ഹെബ്രോൻ ബൈബിൾ കോളജിലെ മലയാള വിഭാഗത്തിൽ അനുഭവസമ്പന്നരായ പിതാക്കന്മാർ ക്ലാസ്സുകൾ നയിച്ചിരുന്ന സുവർണ്ണകാലം കൂടിയായിരുന്നു അത്. തന്റെ ക്ലാസ്സുകൾ സരസ്സമായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കത്വം എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. കുട്ടികളോട് എല്ലാവരോടുംതന്നെ ഒരേ മനോഭാവത്തിൽ ഇടപെടുകയും അവരുടെ ആവശ്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുമായിരുന്നു. ആയിരക്കണക്കിന് ശിഷ്യസമ്പത്തിനെ ഉണ്ടാക്കുവാൻ പാസ്റ്റർ ടി.എസ്. ഏബ്രഹാമിന് കഴിഞ്ഞു. ഇതേ ബൈബിൾ കോളജിന്റെ പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയുടെ സെക്രട്ടറി എന്ന നിലയിൽ ചില വർഷങ്ങളായി പ്രവർത്തിക്കുവാൻ കഴിയുന്നത് എന്റെ ജീവിതത്തിലെ ഭാഗ്യവും പദവിയുമായി കരുതുന്നു. കഴിഞ്ഞ വർഷം നടന്ന ഇന്ത്യ ബൈബിൾ കോളജ് ഗ്രാഡുവേഷനിൽ അദ്ദേഹത്തിന് ഈ കൂട്ടായ്മയുടെ വകയായി ഫലകം നൽകി ആദരിക്കുവാൻ കഴിഞ്ഞത് ഒരു അനുഗ്രഹമായി ഞങ്ങൾ കരുതുന്നു.

2008 ജനുവരിയിൽ ബിലീവേഴ്സ് ജേണലിന് ആരംഭം കുറിക്കുമ്പോൾ പാസ്റ്റർ ടി. എസ്. ഏബ്രഹാം നൽകിയ പിന്തുണ മറക്കാവതല്ല. ഐ.പി.സി. ജനറൽ കൺവൻഷനിൽ ആദ്യ പ്രതി പാസ്റ്റർ കെ. സി. ജോണിന് നൽകി ബിലീവേഴ്സ് ജേണൽ പ്രകാശനം ചെയ്തത് ടി. എസ്. ഏബ്രഹാമാണ്. അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യുവാനും ഒക്കെ ലഭിച്ച അവസരങ്ങളിൽ കൂടുതൽ അടുത്തറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിൽ താൻ അഭിമുഖീകരിച്ച പ്രതിസന്ധികളെക്കുറിച്ച് സവിസ്തരമായി തന്നെ സംസാരിച്ചിട്ടുമുണ്ട്. തന്നെ തകർക്കുവാൻ ചില കേന്ദ്രങ്ങൾ നടത്തിയ ഗൂഢാലോചനകളെക്കുറിച്ച് തികച്ചും ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അവരോടെല്ലാം മാന്യമായി ഇടപെടുകയായിരുന്നു താൻ ചെയ്തത്.

പല സമ്മേളനങ്ങളിലേക്കും അദ്ദേഹത്തെ ക്ഷണിക്കുകയും വേദി പങ്കിടുകയും ചെയ്യുവാൻ അവസരം എനിക്കുമുണ്ടായി. തന്റെ സമയനിഷ്ഠ വളരെ എടുത്തുപറയേണ്ട വസ്തുതയാണ്. ആരെയും മുഷിപ്പിക്കാതെ കൃത്യസമയത്തുതന്നെ സമ്മേളനസ്ഥലത്തെത്തുകയും ആരുടെയും സമയം കവർച്ച ചെയ്യാതെ ദൗത്യനിർവ്വഹണം നടത്തി മടങ്ങുകയും ചെയ്യുന്നതായിരുന്നു തന്റെ പതിവ്. ഹെബ്രോൻപുരത്തെക്കുറിച്ചുള്ള എന്റെ ഓർമ്മകളുടെ മേച്ചിൽപ്പുറത്ത് ഹെബ്രോൻ ബംഗ്ലാവും അവിടെ കസേരയിൽ ഇരിക്കുന്ന പാസ്റ്റർ ടി. എസ്. ഏബ്രഹാമും പച്ചപ്പോടെ നിലനിൽക്കും.

ഇത് ഒരു നഷ്ടമാണ്. ദൈവസഭയ്ക്ക് നികത്തപ്പെടാത്ത നഷ്ടങ്ങൾ ഒന്നും തന്നെയില്ല എന്നെനിക്കറിയാം. എന്നാൽ മാനുഷികമായ നിലയിൽ ഇത്തരം വേർപാടുകൾ എപ്പോഴും വേദനാജനകം തന്നെയാണ്. ഒരു ആത്മീയ പൈതൃകമുള്ള കുടുംബത്തിൽ ജനിച്ച ഇദ്ദേഹം ഐ.പി.സി. പ്രസ്ഥാനത്തെ ശരിയായ ദിശാബോധം നൽകി മൂന്നുപതിറ്റാണ്ടുകൾ നടത്തി. പിതാവിൽ നിന്ന് ലഭിച്ച വെളിച്ചം തന്റെ തലമുറകളിലേക്കും പകർന്നു നൽകി. അവർ ആ ദീപശിഖ കെടാതെ സൂക്ഷിക്കുന്നു. അദ്ദേഹത്തോട് പുലർത്തിയ അതേ ബന്ധം തന്റെ തലമുറകളോടും അതേ ബഹുമാനത്തോടെ നിലനിർത്തുവാൻ ദൈവം സഹായിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പ്രത്യേകിച്ച് ബഹുമാന്യനായ പാസ്റ്റർ വത്സൻ ഏബ്രഹാമിനോടും സിസ്റ്റർ സ്റ്റാർലാ ലൂക്കിനോടും.

ഓർക്കുവാൻ നല്ല ഓർമ്മകളും പിൻപറ്റുവാൻ നല്ല മാതൃകയും വെച്ച് നിത്യവിശ്രമത്തിനായി കർത്തൃസന്നിധിയിലേക്ക് പോയ പാസ്റ്റർ ടി. എസ്. ഏബ്രഹാമിന്റെ ദീപ്തമായ ഓർമ്മകളുടെ മുമ്പിൽ ശിരസ്സ് നമിക്കുന്നു.

വേദപഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)
## ദൈവത്തിന്റെ മനുഷ്യൻ
## 1 തിമൊഥെയൊസ് 6:11 – 22



**എഡിസൺ തോമസ്**
**വേങ്ങൂർ, 9961336353**

സഭയുടെ നേതൃത്വനിരയിലായിരിക്കുന്ന തിമൊഥെയൊസിനെ ശുശ്രൂഷയിൽ ഉറപ്പിക്കുവാനും മുന്നേറുവാനുമാണ് ഇവിടെ ചില നിർദ്ദേശങ്ങളും ആലോചനകളും എഴുത്തുകാരൻ നിർദ്ദേശിക്കുന്നത്. തിമൊഥെയൊസ് താൻ ആരാണ് എന്നു ഓർപ്പിക്കുകയാണ്. അതായത് താൻ ദൈവത്തിന്റെ മനുഷ്യൻ ആണ്, ദൈവത്തിന്റെ വകയും സ്വന്തവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതമാണ് എന്നുള്ള ആശ്വാസവാക്കുകൾ നൽകുകയാണ് ഇവിടെ, ഒരു മനഃശാസ്ത്രജ്ഞന്റെ പാടവത്തോടുകൂടിയ സമീപനമാണിത്, അർത്ഥാൽ തിമൊഥെയൊസിന്റെ ബലഹീനതകളെ കാണിച്ചുകൊടുത്തു. ശുശ്രൂഷയിലുള്ള എരിവിനെയും ഉത്സാഹത്തെയും കെടുത്തുവാൻ പൗലോസ് ശ്രമിക്കുകയല്ല; മറിച്ച് പ്രശ്നങ്ങളെയും പ്രതികൂലങ്ങളെയും അതിജീവിക്കുവാൻ പ്രോത്സാഹിപ്പിക്കുകയാണ്; മറ്റൊരു വിധത്തിൽ പറഞ്ഞാൽ പോരായ്മകളെക്കുറിച്ചല്ല മറിച്ച് സാധ്യതകളെക്കുറിച്ച് വ്യക്തമാക്കുകയാണ് ഇവിടെ ചെയ്യുന്നത്.

അപ്പോസ്തലനായ പൗലോസ് ഇവിടെ തിമൊഥെയൊസിനെ സംബോധന ചെയ്യുന്നത്, ദൈവത്തിന്റെ മനുഷ്യൻ എന്നാണ്, ദൈവത്തിന്റെ മനുഷ്യൻ എന്നാൽ എന്ത്? അതിനെ ദൈവത്തിന്റെ സ്വന്തം എന്ന ആശയത്തിലാണ്, പഴയനിയമത്തിൽ പല ഭക്തന്മാരെയും ദൈവത്തിന്റെ മനുഷ്യൻ എന്നു വിളിച്ചിട്ടുണ്ട്. മോശെയെയും (ആവർ. 33:1, സങ്കീ. 90), ശമുവേലിനെയും, 1 ശമു.9:6, ശെമയ്യാവിനെയും 1 രാജാ. 12:22. തിമൊഥെയൊസിനെയും ഇതേ പ്രയോഗത്തിലാണ് പൗലോസ് വിളിക്കുന്നത്, 1 തിമൊ.6:11, 2 തിമൊ.3:16-17. എന്നിട്ട് പൗലോസ് പറയുന്നത്, വിട്ടോടുക, പിന്തുടരുക, പൊരുതുക, പിടിച്ചുകൊൾക. ഇവിടെ പൗലോസ് പറയുന്നത് അതു വിട്ടോടി, അതായത് തർക്കം, വാഗ്വാദം, അസൂയ, ശണ്ഠ, ദൂഷണം, ദുസ്സംശയം, ആദായ സൂത്രം, ദ്രവ്യാഗ്രഹം എന്നിങ്ങനെ ശുശ്രൂഷയെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളെ വിട്ടോടുക. കൂടാതെ തിരുവചനത്തിൽ വിട്ടോടുവാൻ പറഞ്ഞിരിക്കുന്ന മറ്റുപല കാര്യങ്ങളുമുണ്ട്.

മനുഷ്യരുടെ ജീവിതത്തിൽ വീഴ്ചകളും താഴ്ചകളുമുണ്ട്, ഇവ ഏത് സമയത്തും ആർക്കും സംഭവിക്കാം. എന്നാൽ വിശ്വാസികൾ വളരെ ജാഗ്രതയുള്ളവരായിരിക്കണം, യേശുക്രിസ്തു പറഞ്ഞു, പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.....മത്താ. 26:41. സാത്താൻ ദൈവമക്കളെ നശിപ്പിക്കുവാനും പ്രലോഭിക്കുവാനും ശ്രമിച്ചു ശുശ്രൂഷകളെ ഇല്ലാതാക്കുവാൻ വളരെയധികം ശ്രമിക്കുന്നു പ്രത്യേകിച്ച് ഈ ദിവസങ്ങളിൽ. അതുകൊണ്ട് പല കാര്യങ്ങളെ വിട്ടോടണം.

1. യൗവ്വനമോഹങ്ങളെ വിട്ടോടണം 2 തിമൊ.2:22.

ആധുനിക ലോകത്ത് യൗവനക്കാരുടെ മോഹങ്ങളും ആഗ്രഹങ്ങളും താല്പര്യങ്ങളും പലതരത്തിലാണ് കാണുന്നത്. ജഡിക അഭിലാഷങ്ങളും യൗവനമോഹങ്ങളും പലരുടെയും ആത്മീകജീവിതത്തെ എടുത്തുക്കളയാറുമുണ്ട്. യോഹന്നാൻ പറയുന്നത് ലോകത്തേയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് എന്നത്രേ, 1 യോഹ 2:15-17. എന്നാൽ ഇന്നത്തെ തലമുറ പലതിനെയും സ്നേഹിച്ച് ദൈവസ്നേഹത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്.

2. ദ്രവ്യാഗ്രഹം വിട്ടോടണം, 1 തിമൊ. 6:10

പണവും പ്രതാപവും മരണത്തോടുകൂടെ അവസാനിക്കുകയാണ് എന്നാൽ ഇതിനോടുള്ള താല്പര്യം കൊണ്ട് നിത്യത ഒരിക്കലും നഷ്ടമാക്കരുത്. ധനം അധികമായിതീർന്നാൽ ദൈവത്തിൽ നിന്നും മനുഷ്യർ അകന്നുപോകാം, അതുകൊണ്ട് പണത്തോടുള്ള ആർത്തി ഒഴിവാക്കി ദൈവത്തെ ലക്ഷ്യമാക്കി മുന്നേറണം.

3 ദുർന്നടപ്പ് വിട്ടോടണം, 1 കൊരി. 6:18

യേശുവിനെ അനുഗമിക്കുന്നവർ ജീവന്റെ വെളിച്ചത്തിൽ നടക്കണമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. എന്നാൽ ഇന്നു അനേകർ ഇരുട്ടിലും, അധാർമ്മികതയിലും നടക്കുന്നു.

4. വിഗ്രഹാരാധന വിട്ടോടണം 1 കൊരി. 10:14

വിഗ്രഹാരാധന എന്നു പറയുന്നത് പലരും തെറ്റിദ്ധരിക്കാറുണ്ട്, വിഗ്രഹങ്ങളുടെ മുന്നിൽ വീണു നമസ്കരിക്കുക എന്നതിനെയാണ് പലരും കാണുന്നത്. എന്നാൽ അതല്ലാ മറിച്ച് വ്യക്തിയോ വസ്തുക്കളെയോ അമിതമായ താല്പര്യവും, പ്രാധാന്യവും നൽകി സ്നേഹിക്കുന്നുവോ അതാണ് ബൈബിൾ ഭാഷയിൽ വിഗ്രഹാരാധന എന്നു ഉദ്ദേശിക്കുന്നത്. ദൈവമക്കൾ എന്നു അവകാശപ്പെടുന്നവർ വിഗ്രഹാരാധന വിട്ടോടണം.

5. വരുവാനുള്ള ദൈവകോപത്തിൽ നിന്നും വിട്ടോടണം മത്താ. 3:7

ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും വിട്ടോടുവാനുള്ള ആഹ്വാനമാണ് ഇവിടെ കാണുന്നത്. യോഹന്നാൻ സ്നാപകൻ യിസ്രായേൽ ജനത്തിനു കൊടുക്കുന്ന മുന്നറിയിപ്പും വെല്ലുവിളിയുമാണ് ഇതിലൂടെ കാണാൻ കഴിയുന്നത്.

6. സകലഭാരവും മുറകെ പറ്റുന്ന പാപവും വിട്ടോടണം, എബ്രാ. 12:1-2.

വിശ്വാസജീവിതത്തിൽ മുറുകെ പറ്റുന്ന പാപങ്ങളുണ്ട്. അതിൽ നിന്നും ദൈവമക്കൾ ഒഴിഞ്ഞുനിൽക്കണം, ഒരിക്കലും ശത്രു അപവാദം പറയുവാൻ ഇട നൽകരുത്.

വിട്ടോടേണ്ടതുമായ കാര്യങ്ങൾ പറഞ്ഞതിനുശേഷം പിൻതുടരേണ്ട പല കാര്യങ്ങളെക്കുറിച്ച് ഇവിടെ പ്രസ്താവിക്കുന്നുണ്ട്.

1. നീതി (ആവർ.16:20)

2. ഭക്തി, വിശ്വാസം, സ്നേഹം, സമാധാനം, സൗമ്യത, ക്ഷമ (1 തിമൊ. 6:11, 2 തിമൊ:2:22)

3. ക്രിസ്തുവിന്റെ കാൽച്ചുവട് (1 പത്രോ. 2:21)

ദൈവമക്കൾ അവരുടെ ക്രിസ്തീയ ജീവിതത്തിൽ പിന്തുടരേണ്ടതായ പല കാര്യങ്ങളാണ് നീതി, അതിന് നോഹ നല്ലൊരു ഉദാഹരണമാണ്. ഭക്തി, അതിനു ഇയ്യോബ് നല്ലൊരു മാതൃകയാണ്. വിശ്വാസം, അബ്രഹാം നല്ലൊരു ഉദാഹരണമാണ്. സ്നേഹത്തിന് അപ്പൊസ്തലനായ യോഹന്നാൻ. സമാധാനം, ഇതിനു പലരെ ഉദാഹരണമായി എടുക്കാം. ശലോമോനും യേശുക്രിസ്തുവിലും മറ്റു പല ഭക്തന്മാരിലും കാണാം. **(തുടരും...)**

–തുടർച്ച–

തിമൊഥെയൊസ്

# സുവിശേഷീകരണം സഭയുടെ വലിയ ദൗത്യം



ചില ജനവിഭാഗങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാൻ കഴിയാത്ത നിലയിലുള്ള തടസങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. നിയമത്തിലൂടെ സുവിശേഷീകരണത്തെ തടയുന്ന രാജ്യങ്ങളും ജനവിഭാഗങ്ങളും അതിൽ പ്രധാനമാണ് സാമൂഹിക സാമ്പത്തിക പശ്ചാത്തലം പലപ്പോഴും തടസമാകുന്നു ദരിദ്ര ജനവിഭാഗങ്ങളിലേക്ക് ചെല്ലുമ്പോൾ സുവിശേഷത്തോടൊപ്പം ഭക്ഷണം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവയും ആവശ്യമാകുന്നു. അത്തരം വെല്ലുവിളികളെ അതിജീവിക്കുവാൻ ദൈവജനത്തിന്റെയും ദൈവദാസന്മാരുടെയും കൂട്ടയ പ്രവർത്തിയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. സഭാസംഘടനാ വ്യത്യാസങ്ങൾക്കപ്പുറത്ത് ഒരു ദർശനവും സമർപ്പണവുമാണ് ആവശ്യം സുവിശേഷീകരണത്തിനു തടസമായി നിൽക്കുന്ന പൈശാചിക ശക്തികളുടെമേൽ ദൈവീക പ്രവർത്തി കാണുവാൻ കഴിയുന്നതിന്റെ അനുഭവ സാക്ഷ്യങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നും കേൾക്കുന്നത് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കും.

**തയ്യാറാക്കിയത്: പാസ്റ്റർ സാംകുട്ടി മാത്യു**
**ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ**

## റവ. സുശീൽ മാത്യു

UPG മിഡിൽ ഈസ്റ്റ് ആഫ്രിക്കയുടെ കോർഡിനേറ്ററും (22 രാജ്യങ്ങൾ) കുവൈറ്റ് ചർച്ച് ഓഫ് ഗോഡ് (കേരളാ സ്റ്റേറ്റിനു കീഴിലുള്ള സഭകൾ ഒഴികെ) ഓവർസിയറും ആണ്. ഇൻഡ്യൻ ആർമിയിൽ മേജറായിരുന്നു. 1988 മുതൽ അമേരിക്കയിൽ താമസിക്കുന്നു. ഡാളസ് ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് സഭാംഗം. റോബർട്ട് എഫ്. കുക്ക് സെന്റിനറി സെലിബ്രേഷന്റെ കൺവീനറായി വേൾഡുമിഷൻ നിയമിച്ചു. യൂണിവേഴ്സിറ്റി ഓഫ് ഫീനിക്സിലും ലീ കോളജിലും അധ്യാപകൻ പാസ്റ്റർ എ. റ്റി. തോമസിന്റെ മകൾ ഗ്രേസി മാത്യുവാണ് ഭാര്യ.
മക്കളായ അലൻ മാത്യുവും ആൻ മാത്യുവും അറ്റോർണിമാരാണ്.

ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ (മത്തായി.28:19,20) യേശുക്രിസ്തുവിന്റെ മഹാനിയോഗം (great commision) എന്നറിയപ്പെടുന്ന ഈ വേദഭാഗം ദൈവസഭയുടെ വലിയ ദൗത്യത്തെയും നിയോഗത്തെയും കുറിക്കുന്നതാണ്. സുവിശേഷീകരണം എന്ന വലിയ ദൗത്യനിർവ്വഹണത്തിനു ശക്തിയും ഊർജ്ജവും പകരാനാണ് പരിശുദ്ധാത്മാവിനെ സഭയ്ക്കായി നൽകിയതും അപ്പൊ. 1:8. ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും (മത്തായി 24:14). ജാതികൾ, രാജ്യങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായി ചില ഭാഷാന്തരങ്ങളിൽ കാണപ്പെടുന്നുണ്ടെങ്കിലും എത്ത്നോസ് (Ethnos) എന്ന ഗ്രീക്ക്പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതിന് ജനവിഭാഗങ്ങൾ (People group) എന്നാണർത്ഥം. അർത്ഥാൽ ലോകമെങ്ങും ചിതറിക്കിടക്കുന്ന എല്ലാ ജനവിഭാഗങ്ങളിലേക്കും സുവിശേഷം എത്തിച്ചേരണം. അപ്പോൾ അവസാനം ഉണ്ടാകും എന്നത്രെ കർത്താവ് പറഞ്ഞിരിക്കുന്നതും. നിന്റെ കർത്താവിന്റെ വരവിനെ ബദ്ധപ്പെടുത്തുന്നവരായിരിക്കണം എന്ന വചനവും ഇതോട് ചേർത്തുവായിക്കാം. കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നുവെന്ന് അഭിമാനിക്കുന്ന സഭ പ്രധാനദൗത്യമായ സുവിശേഷീകരണത്തെ അവഗണിക്കുന്നു. അതുകൊണ്ടുതന്നെ കർത്താവിന്റെ മടങ്ങിവരിവിനെ താമസിപ്പിക്കുന്നതും സഭയാണ് എന്ന് പറയാം.

ഇവിടെയാണ് വിവിധ ജനവിഭാഗങ്ങളെ ലക്ഷ്യമാക്കി നടത്തുന്ന UPG (Unreached People Group) പ്രോഗ്രാമിന്റെ പ്രത്യേകത. ഈ സമയത്ത് ബാപ്റ്റിസ്റ്റ് സഭകളും അസംബ്ലി ഓഫ് ഗോഡ് സഭയും വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. കഴിഞ്ഞ 15 വർഷത്തിലധികമായി ചർച്ച് ഓഫ് ഗോഡും ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. 2016-ൽ റവ. കെൻ ആൻഡേഴ്സൺ ചുമതലയേറ്റപ്പോൾ UPG പ്രവർത്തനങ്ങൾ കുറച്ചുകൂടി ക്രമീകൃതമായ നിലയിലേക്ക് മാറി എന്നു പറയാം. അദ്ദേഹത്തിനുകീഴിൽ രണ്ട് റീജിയണൽ കോർഡിനേറ്റേഴ്സിനെ പ്രവർത്തന സൗകര്യത്തിനായി നിയമിച്ചു. കുവൈറ്റ് ഓവർസിയർ (കേരളാ സ്റ്റേറ്റിൽ ഉൾപ്പെടാത്ത സഭകൾ) റവ. സുശീൽ മാത്യുവിനെ മിഡിൽ ഈസ്റ്റ് & ആഫ്രിക്കയുടെയും റവ. വി. വി. അലക്സാണ്ടറിനെ സൗത്ത് ഏഷ്യയുടെയും ചുമതല നൽകി നിയമിച്ചു.

ഡോ. റ്റിംഹിൽ വേൾഡുമിഷൻ ഡയറക്ടറായിരിക്കെ ആരംഭിച്ച FINISH CHALLANGE എന്ന പദ്ധതി അദ്ദേഹം FINISH COMMITMENT എന്നാക്കി മാറ്റി

F - Find കണ്ടെത്തുക
I - Intercede മധ്യസ്ഥത വഹിക്കുക
N - Nurture പോഷിപ്പിക്കുക
I - Invest നിക്ഷേപിക്കുക
S - Send അയക്കുക
H - Harvest - കൊയ്യുക. ഇത് ഒരുവെല്ലുവിളിയായിരുന്നെങ്കിൽ ഇന്ന് അതിനെ ദൈവജനത്തിന്റെ സമർപ്പണമായി മാറ്റി ദൗത്യനിർവ്വഹണം നടത്തുവാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്.

എന്താണ് UPG?

www.joshuaproject.net എന്ന വെബ്സൈറ്റ് പ്രകാരം (ഇതിനെ ആധാകാരിക രേഖയായാണ് ലോകമെങ്ങും കണക്കാക്കുന്നത്) ലോകമാകെ 16832 പീപ്പിൾ ഗ്രൂപ്പുകളാണ് (ജനവിഭാഗങ്ങൾ) ഉള്ളത്. ഒരു ജനവിഭാഗത്തിന്റെ ആകെ സംഖ്യയിൽ 2%-5% എങ്കിലും സുവിശേഷം എത്തപ്പെട്ടവരോ മാനസാന്തരാനുഭവം പ്രാപിച്ചവരോ അല്ലെങ്കിൽ ആ വിഭാഗത്തെ അൺ റീച്ച്ഡ് പീപ്പിൾ ഗ്രൂപ്പ് UPG ആയി കണക്കാക്കുന്നു. 6991 ജനവിഭാഗങ്ങൾ ലോകമാകെ UPG ഗണത്തിലാണ്.

ഭാരതത്തിൽ 2537 ജനവിഭാഗങ്ങളുള്ളതിൽ 2276 ഉം UPG വിഭാഗത്തിലാണ് എന്നർത്ഥം ഈ ജനവിഭാഗങ്ങളിലേക്ക് ഇറങ്ങിചെല്ലുന്നതിനു തടസമായി ധാരാളം വസ്തുതകളുണ്ട്. പ്രധാനമായും വിവിധ ജനവിഭാഗങ്ങളുടെ പ്രാദേശിക ഭാഷ അറിയാത്തത് ആണ്. അവരുടെ മതം, സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം ഇവയൊക്കെ തടസ്സങ്ങളാണ്. എന്നാൽ ക്രമീകൃതമായ പരിശീലനവും സമർപ്പണവും കൊണ്ട് ഇതിനെ അതിജീവിക്കുവാൻ കഴിയും. കഴിഞ്ഞ രണ്ട് വർഷങ്ങൾകൊണ്ട് ദൈവസഭാ യു.പി.ജി. പ്രൊജക്ട്മൂലം എണ്ണൂറിലധികം ജനവിഭാഗങ്ങളിലേക്ക് എത്തിചേരുവാൻ കഴിഞ്ഞു എന്നത് പ്രസ്താവ്യം ആണ്.

ചില ജനവിഭാഗങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാൻ കഴിയാത്ത നിലയിലുള്ള തടസങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. നിയമത്തിലൂടെ സുവിശേഷീകരണത്തെ തടയുന്ന രാജ്യങ്ങളും ജനവിഭാഗങ്ങളും അതിൽ പ്രധാനമാണ്. സാമൂഹിക സാമ്പത്തിക പശ്ചാത്തലം പലപ്പോഴും തടസമാകുന്നു. ദരിദ്ര ജനവിഭാഗങ്ങളിലേക്ക് ചെല്ലുമ്പോൾ സുവിശേഷത്തോടൊപ്പം ഭക്ഷണം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവയും ആവശ്യമാകുന്നു. അത്തരം വെല്ലുവിളികളെ അതിജീവിക്കുവാൻ ദൈവജനത്തിന്റെയും ദൈവദാസന്മാരുടെയും കൂട്ടായ പ്രവർത്തിയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. സഭാസംഘടനാ വ്യത്യാസങ്ങൾക്കപ്പുറത്ത് ഒരു ദർശനവും സമർപ്പണവുമാണ് ആവശ്യം. സുവിശേഷീകരണത്തിനു തടസ്സമായി നിൽക്കുന്ന പൈശാചിക ശക്തികളുടെമേൽ ദൈവീക പ്രവർത്തി കാണുവാൻ കഴിയുന്നതിന്റെ അനുഭവസാക്ഷ്യങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നും കേൾക്കുന്നത് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കും.

ഒരു രാജ്യത്ത് പ്രവർത്തിച്ചുവന്നിരുന്ന ഒരുകൂട്ടം സുവിശേഷകരെ ഒരു പ്രത്യേകവിഭാഗം ജനങ്ങൾ താമസിച്ചിരുന്ന ഗ്രാമത്തിലേക്ക് പ്രവേശിപ്പിക്കുകയില്ലായിരുന്നു. അപ്പോഴാണ് ആ ഗ്രാമത്തിലെ എരുമകൾക്കെല്ലാം അസുഖം ബാധിച്ചത്. പലവിധ പ്രാർത്ഥനകൾ അവർ നടത്തി പരാജയപ്പെട്ടപ്പോൾ ഒടുവിൽ സുവിശേഷകരെ തേടിയെത്തി. അവരുടെ പ്രാർത്ഥനയാൽ എരുമകൾ സൗഖ്യം പ്രാപിക്കുകയും ആ ഗ്രാമം സുവിശേഷത്തിനായി തുറക്കപ്പെടുകയും ചെയ്തു. മത്തായി 16:18 ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് അരുളിചെയ്തത് സഭയുടെ നാഥനായ ക്രിസ്തുവാണല്ലോ.

സഭയുടെ വലിയ ദൗത്യം നാം തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വലിയ ദർശനത്തോടെയും ആഴമായ സമർപ്പണത്തോടെയും ജനവിഭാഗങ്ങളിലേക്ക് സുവിശേഷത്തിന്റെ വെളിച്ചവുമായി ഇറങ്ങാം. നമ്മുടെ കർത്താവിന്റെ വരവിനെ ബദ്ധപ്പെടുത്തുന്നവരാകാം.

ലേഖനം

# ബ്ലൂ റെഡ് മൂൺ പ്രതിഭാസം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

കഴിഞ്ഞ ദിവസം കേരളത്തിൽ ദൃശ്യമായ സൂപ്പർമൂൺ, ബ്ലൂ മൂൺ, റെഡ് മൂൺ എന്നി ആകാശ വിസ്മയം പലതരത്തിലാണ് വ്യാഖ്യനിക്കപ്പെടുന്നത്. ഒരു വിഭാഗം ദൈവശാസ്ത്ര ചിന്തകന്മാർ അതിനെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനെ സംബന്ധമായ പ്രവചന നിവൃത്തികരണമായി ചിത്രികരിക്കുന്നതും വ്യാഖ്യാനിക്കുന്നതും കണ്ടു. അതിന് അവർ കണ്ടെത്തിയ വാക്യം യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരും മുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറി പോകും എന്ന വാക്യമാണ്. ഈ പ്രവചന വാക്യങ്ങൾ സത്യമാണെങ്കിലും അത് എപ്പോൾ സംഭവിക്കും എന്ന് ആർക്കും പറയുവാൻ കഴിയുകയില്ല. ലോകത്തിൽ അപൂർവ്വമായി മാത്രം സംഭവിക്കുന്ന ഒന്നാണ് ബ്ലൂ മൂൺ, റെഡ് മൂൺ, സൂപ്പർ മൂൺ എന്നിവ ചേർന്ന് വരുന്നത്. ഇവയെല്ലാം ഭയത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് വ്യഖ്യാനിക്കാറ്. എന്നാൽ അതിന്റെ ആവശ്യമുണ്ടോ. ഭയത്തെ തോൽപ്പിക്കാൻ നമുക്ക് അറിവിനെ കൂട്ടുപിടിക്കാം. വിദ്യാഭ്യാസപരമായി എറ്റവും ഉന്നതിയിൽ നിൽക്കുന്ന സമൂഹം പോലും അറിവുകൾക്കുമപ്പുറം അന്ധമായി പലതരം വിശ്വാസങ്ങളിൽ കുടുങ്ങി പോകുന്നുണ്ട്. ചരിത്രത്തിൽ ആദ്യമായിട്ടല്ല ഇത്തരം ആകാശ വിസ്മയങ്ങൾ പ്രകടമാകുന്നത്. ഇതിന് മുന്നമെ ഇത് വെളിപ്പെട്ടത് 1866-ലാണ്.അതിനുശേഷം 152 വർഷങ്ങൾ കഴിഞ്ഞാണ് ഇത്തരമൊരു പ്രതിഭാസം സംഭവിക്കുന്നത്. ഇതിന് വലിയ വാർത്താ പ്രധാന്യം വരുവാനുള്ള കാരണം ഇത് ഒരു സാധാരണ ചന്ദ്രഗ്രഹണമല്ല, നിരവധി പ്രത്യേകതകൾ ഉള്ള ഒന്നായിരുന്നു. അതിനുള്ള കാരണങ്ങൾ പലതാണ്. ഒന്നാമത്തെ കാരണം ജനുവരി 31ന് നടന്ന ചന്ദ്രഗ്രഹണം പൂർണ ചന്ദ്രഗ്രഹണമായിരുന്നു, മാത്രമല്ല ചന്ദ്രനിലേക്കുള്ള ഭൂമിയുടെ ദൂരം കുറഞ്ഞ് ഭൂമിയുടെ കൂടുതൽ അടുത്ത് എത്തുന്നതുകൊണ്ട് സാധാരണ പൗർണമിദിവസത്തെക്കാൾ 14% കൂടുതൽ വലിപ്പത്തിൽ ചന്ദ്രബിംബത്തെ കാണുവാൻ കഴിയും. അതുകൊണ്ടാണ് ഇതിനെ സൂപ്പർമൂൺ എന്നറിയപ്പെടുന്നത്. അടുത്ത പ്രത്യേകത ഒരു മാസത്തിലെ തന്നെ രണ്ടാമത്തെ പൂർണ ചന്ദ്രനാണ് ജനുവരി 31ന് ഉണ്ടായത്. ജനുവരി 2ന് ആകാശത്ത് പൂർണ ചന്ദ്രൻ ദൃശ്യമായതാണ്. ഞെങ്ങനെ സംഭവിക്കുന്ന പ്രതിഭാസത്തെ ബ്ലൂമൂൺ എന്നാണ് അറിയപ്പെടുന്നത്. ആ സമയത്തെ ഭൂമിയുടെ അന്തരീക്ഷത്തിന്റെ പ്രത്യേകത കാരണം ചന്ദ്രബിംബം ചുമപ്പു കലർന്ന ഓറഞ്ച് നിറത്തിലാകും അതുകൊണ്ട് രക്തചന്ദ്രൻ അഥവാ റെഡ് മൂൺ എന്നും അറിയപ്പെടുന്നത്.

ചന്ദ്രഗ്രഹണത്തിന് കാരണമാകുന്നത് സൂര്യ പ്രകാശം ഭൂമിയിൽ പതിക്കുമ്പോൾ അതിൽ നിന്നും ഉളവാകുന്ന ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുമ്പോഴാണ്. അതിന് സൂര്യനും, ഭൂമിയും, ചന്ദ്രനും നേർരേഖയിൽ വരണം. ഇങ്ങനെ സംഭവിക്കുമ്പോൾ ഭൂമി സൂര്യന്റെയും ചന്ദ്രന്റെയും ഇടയിലാകും. സാധാരണ നിലയിൽ ഇങ്ങനെ സംഭവിക്കുന്നത് വെളുത്ത വാവു ദിവസമാണ്. അപൂർവ്വം ദിവസങ്ങളിലെ പുർണ ചന്ദ്രഗ്രഹണം സംഭവിക്കുക. ഭൂമിയുടെയും ചന്ദ്രന്റെയും ഭ്രമണ പ്രതലത്തിൽ ആറു ഡിഗ്രി ചെരിവുണ്ട്. ആ പ്രതലം അറിയപ്പെടുന്നത് എലിപ്ടിക്കൽ പ്ലെയിൻ എന്നാണ്. അങ്ങനെ ആ ഭ്രമണ പ്രതലം തമ്മിൽ നടക്കുന്ന അപൂർവ്വമായ ക്രമീകരണത്തിലാണ് ഗ്രഹണം സംഭവിക്കുന്നത്. ചന്ദ്രഗ്രഹണം പൗർമാസി ദിവസങ്ങളിലും, സൂര്യഗ്രഹണം അമവാസി ദിവസങ്ങളിലുമാണ് സംഭവിക്കുന്നത്. സൂര്യഗ്രഹണം എന്ന പ്രതിഭാസം ചന്ദ്രന്റെ നിഴൽ ഭൂമിയിൽ പതിക്കുന്നതിനെയാണ് പറയുന്നത്. എന്നാൽ എല്ലാം അമാവാസി ദിവസങ്ങളിലും, പൗർണമാസി ദിവസങ്ങളിലും ഗ്രഹണം സംഭവിക്കാത്തതിന്റെ കാരണം എലിപ്ടിക്കൽ പ്ലെയിനുകളുടെ ക്രമീകരണം നടക്കാത്തതുകൊണ്ടാണ്. അങ്ങനെ ചന്ദ്രന്റെയും ഭൂമിയുടെയും ഭ്രമണപഥങ്ങൾ തമ്മിൽ നടക്കുന്ന ശൂന്യാകശത്തിലുള്ള സാങ്കല്പീക ക്രമീകരണ സ്ഥാനങ്ങളെയാണ് രാഹു എന്നും കേതു എന്നും പറഞ്ഞിരുന്നത്. പൂർണമായും ദൃശ്യമാകുന്ന ഗ്രഹണസമയത്ത് ചന്ദ്രൻ പൂർണമായും അപ്രത്യക്ഷമാകേണ്ടതാണ്. എന്നാൽ ഭൂമിക്ക് വായുമണ്ഡലം ഉള്ളതിനാൽ അങ്ങനെ സംഭവിക്കാതെ ചന്ദ്രനെ മങ്ങിയ ചുവപ്പു നിറത്തിൽ കാണുന്നു. അതിനു കാരണം ഭൗമാന്തരീക്ഷത്തിലൂടെ കടന്നു പോകുന്ന സൂര്യരശ്മികൾ അപഭ്രംശത്തിലൂടെ വളഞ്ഞ് ചന്ദ്രനിൽ പതിക്കുന്നു ഇങ്ങനെ പതിക്കുന്ന പ്രകാശ രശ്മി അതിനു ശേഷം പ്രതിഫലിക്കും. ആ സമയത്ത് തരംഗ ദൈർഘ്യം കുറഞ്ഞ പ്രകാശരശ്മികൾ വിസരണത്തിൽ നഷ്ടമാകുകയും തരംഗദൈർഘ്യം ഉള്ള ഓറഞ്ച്, ചുമപ്പ് രശ്മികൾ നമുക്ക് ദൃശ്യമാകും തല്ഫലമായിട്ടാണ് ചന്ദ്രനെ ചുമപ്പ് നിറത്തിൽ കാണുന്നത്. ഇങ്ങനെ നൂറ്റാണ്ടുകളായി പ്രകൃതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അതുകൊണ്ട് തന്നെ അതിന് വലിയ പ്രസക്തി വേദപുസ്തകപരമായി ഉണ്ടെന്ന് നമുക്ക് പറയുവാൻ കഴിയുകയില്ല. ഈ സംഭവങ്ങളിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് വേദപുസ്തക പ്രവചനങ്ങൾ എല്ലാം ശാസ്ത്ര സത്യങ്ങളാണെന്നും, അത് നിറവേറപ്പെടുമെന്നുമാണ്. അതിന് യേശുക്രിസ്തുവിന്റെ വരവുമായി ബന്ധപ്പിക്കുമ്പോൾ സംഭവിക്കുന്നത് യേശുക്രിസ്തുവിന്റെ വരവിന്റെ നാളുകളെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും എന്നാണ്. യേശുക്രിസ്തു മടങ്ങി വരും എന്നത് സത്യമാണ്. എന്നാൽ ആ നാളും നാഴികയും ആർക്കും അറിയുവാൻ കഴിയില്ല. നിനയാത്ത നിമിഷത്തിൽ ആണ് കർത്താവിന്റെ വരവ്. അതുകൊണ്ട് ആ പരമമായ സത്യം എപ്പോൾ സംഭവിക്കും എന്ന് ആർക്കും പറയുവാൻ കഴിയില്ല.

## അസംബ്ലീസ് ഓഫ് ഗോഡ് ഈസ്റ്റേൺ റീജയൻ 2018 – 2019 സാരഥികൾ



**ന്യൂയോർക്ക്:** AGIFNA ഈസ്റ്റേൺ റീജിയന്റെ വാർഷിക മീറ്റിംഗ് കഴിഞ്ഞ ദിവസം ശാലേം അസംബ്ലീസ് ഓഫ് ഗോഡിൽ വെച്ച് നടക്കുകയുണ്ടായി 2018-2019ലെയും പ്രവർത്തനങ്ങൾക്കായി റവ. വിൽസൻ ജോസ്, റവ. ജോൺകുട്ടി വർഗീസ്, ബ്രദർ തോംസൺ പള്ളിൽ, ഷാജി ചെറിയാനും, റവ. ഈപ്പച്ചൻ വർഗീസ്, മെൻസ് കോർഡിനേറ്റർ, സിസ്റ്റർ ലിസി സണ്ണി, ലേഡീസ് കോർഡിനേറ്റർ, ബ്രദർ പോൾ വർഗീസ്, യൂത്ത് കോർഡിനേറ്റർ, കമ്മിറ്റി അംഗങ്ങളായി ബ്രദർ ജോർജ് റ്റി. ചാക്കോ, ജോസഫ് സക്കറിയായേയും തിരഞ്ഞെടുക്കുകയുണ്ടായി.

50-ൽ പരം ഏ.ജി. സഭകൾ ചേർന്നതാണ് ഏ.ജി. ഈസ്റ്റേൺ റീജിയൻ 1990-ൽ ആരംഭിച്ചതായ ഈ ഫെലോഷിപ്പ് 27 വർഷം വിജയകരവുമായി പിന്നിട്ടുകൊണ്ട് പുതിയ പദ്ധതികളോട് പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നു.

## എംപിഎ യുകെ നാഷണൽ കോൺഫറൻസ്

**വെയ്ൽസ്:** യുകെയിലുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ പതിനഞ്ചാമത് നാഷണൽ കോൺഫറൻസ് 2018 മാർച്ച് 30 മുതൽ വെയ്ൽസിൽ നടത്തപ്പെടുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിദേശങ്ങളിൽനിന്നുമായി മലയാളി വിശ്വാസികളും പ്രസംഗകരും എത്തിച്ചേരുന്ന ഈ സംഗമം യുകെയിലുള്ള എല്ലാ വിഭാഗം പെന്തെക്കോസ്ത് വിശ്വാസികളുടെയും ഏറ്റവും വലിയ സംഗമമാണ്. 2018 മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ വെയിൽസിലെ ന്യൂപോർട്ടിൽ (St Julian's School, Heather Road Newport, Wales NP19 7XU) നടത്തപ്പെടുന്നു. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 09:30 മുതൽ രാത്രി 09:00 മണി വരെയും ഞായറാഴ്ച്ച രാവിലെ 09:30 മുതൽ ഉച്ചയ്ക്ക് 01:00 മണി വരെ സംയുക്ത ആരാധന.

MPA UK പ്രസിഡന്റ് പാസ്റ്റർ ടി എസ് മാത്യു അവറുകൾ പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്യും. കർത്താവിൽ പ്രസിദ്ധ പാസ്റ്റർ. റെജി മാത്യു ശാസ്താംകോട്ട, പാസ്റ്റർ. എൻ പീറ്റർ, എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും. കൂടാതെ യൂത്ത് സെക്ഷനിൽ പാസ്റ്റർ സി. എസ്. റോബിൻസൺ, സഹോദരിമാരുടെ സെക്ഷനിൽ സിസ്റ്റർ ഷൈനി തോമസും ശുശ്രുഷിക്കുന്നതായിരിക്കും. എംപിഎ യുകെ നാഷണൽ ക്വയർ അംഗങ്ങളോടൊപ്പം പാസ്റ്റർ സാമുവേൽ വിത്സൺ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യ ജീവനെ പിടിച്ചു കൊൾക' എന്നതാണ് ഇപ്രാവശ്യത്തെ കോൺഫറൻസ് തീം. ആത്മ നിറവിലുള്ള ആരാധന, വചനധ്യാനം, കർത്തൃമേശ, കൂടാതെ യുവജനങ്ങൾക്കും കുട്ടികൾക്കും സഹോദരിമാർക്കും വേണ്ടിയുള്ള വിവിധ സെക്ഷൻസ് ഉണ്ടായിരിക്കും.

പ്രസിഡന്റ് പാസ്റ്റർ റ്റി എസ് മാത്യു, വൈസ് പ്രസിഡന്റ് പാസ്റ്റർ സജി മാത്യു, സെക്രട്ടറി പാസ്റ്റർ വിൽസൺ ഏബ്രഹാം, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഡോണി ഫിലിപ്പ്, നാഷണൽ ട്രഷറർ ബ്രദർ മാമ്മൻ ജോർജ്ജ്, കോൺഫെറൻസ് കൺവീനർ പാസ്റ്റർ ഡിഗോൾ ലൂയിസ് , ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജിനു മാത്യു, മീഡിയ കോർഡിനേറ്റർ ഇവ. ഡോണി തോമസ്, മ്യൂസിക് കോർഡിനേറ്റർ ബ്രദർ. ഡേവിഡ് മാമ്മൻ, യൂത്ത് കോർഡിനേറ്റർ പാസ്റ്റർ ബെൻ മാത്യു, പ്രയർ കോർഡിനേറ്റർ പാസ്റ്റർ സിസിൽ ചീരൻ, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ വത്സമ്മ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം കോൺഫറൻസിന് നേതൃത്വം നൽകുന്നു.

## ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ കൺവൻഷൻ സമാപിച്ചു

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലിയുടെ 28-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 11 മുതൽ 14 വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ സെന്ററിൽ വച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു. 11-ന് വൈകിട്ട് സഭാ ഓവർസിയർ ഡോ. ജോയി പി. ഉമ്മൻ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത യോഗങ്ങളിൽ പാസ്റ്റർമാരായ അനീഷ് ഏലപ്പാറ, ജോർജ്ജ് പി. ചാക്കോ, ടിനു ജോർജ്ജ്, ബിജു മാത്യു എന്നിവർ മുഖ്യപ്രസംഗകനായിരുന്നു. വ്യാഴാഴ്ച ശുശ്രൂഷക സമ്മേളനത്തോടെ ആരംഭിച്ച യോഗം ഞായറാഴ്ച സംയുക്താരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടി സമാപിച്ചു. പകൽ യോഗങ്ങളിൽ പാസ്റ്റർമാരായ സി. കെ. മാത്യു, ഏ. ജെ.ചാക്കോ, എം. ഒ. അനിയൻ, അനീഷ് ചെങ്ങന്നൂർ, പി. റ്റി. മാത്യു, മിസ്സിസ് ഗ്രെയ്സ് ഉമ്മൻ തുടങ്ങിയവർ ശുശ്രൂഷിച്ചു. ശനിയാഴ്ച നടന്ന സ്നാന ശുശ്രൂഷയിൽ 22 പേർ സ്നാനമേറ്റു.

കൺവൻഷനോടു ചേർന്ന് ഓവർസീയറുടെ അദ്ധ്യക്ഷതയിൽ അടുത്ത രണ്ടു വർഷത്തേക്കുള്ള വിവിധ ഭരണ സമിതിയെ തിരഞ്ഞെടുത്തു. ഓവർസിയർ, അസി. ഓവർസിയർ, മിഷൻ ഡയറക്ടർ, ഇവാഞ്ചലിസം ഡയറക്ടർ എന്നിവരോടൊപ്പം പ്രസിഡന്റ് ആയി പാസ്റ്റർ സി. കെ. മാത്യു, വൈ.പ്രസിഡന്റായി പാസ്റ്റർ ഏ. ജെ. ചാക്കോ, ജനറൽ സെക്രട്ടറിയായി പാസ്റ്റർ എം.ഒ. അനിയൻ, ട്രഷററായി പാസ്റ്റർ ജോണി പോൾ എന്നിവരും, യുവജന വിഭാഗമായ സി. എസ്. ഡയറക്ടായി പാസ്റ്റർ ബിജു മാത്യു വിനോടൊപ്പം കർത്തൃ ശുശ്രൂഷകരായ ഷീലു ചെറിയാൻ, ഷിജു സി. ആർ, ഡോ. ജിബിൻ ജോർജ്ജ് എന്നിവർ യഥാക്രമം പ്രസിഡന്റ്, സെ



ക്രട്ടറി, ട്രഷററായും സണ്ടേസ്കൂൾ ഭാരവാഹികളായി പാസ്റ്റർമാരായ ജോജോ പി. ജോർജ്ജ് (പ്രസിഡന്റ്), സിബി കുഞ്ഞൂഞ്ഞ് (സെക്രട്ടറി), രാജീവ് ജോർജ് (ട്രഷറർ) എന്നിവരും, സഹോദരി വിഭാഗമായ ബെഥേൽ വിമൺസ് ഫെലോഷിപ്പ് ഭാരവാഹികളായി സഹോദരിമാരായ വത്സമ്മ മാത്യു (മുംബൈ), സൂസൻ അനിയൻ, രഞ്ചിനി ചെറിയാൻ എന്നിവരെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ നിലകളിലും പ്രവർത്തിക്കുന്നതാണ്.


## പാസ്റ്റർ ഏ. റ്റി. ജോസഫ് ചർച്ച് ഓഫ് ഗോഡ് കൗൺസിൽ അംഗം



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എ. റ്റി. ജോസഫ് വൈ.പി.ഇ. ഡയറക്ടറും എറണാകുളം ഡിസ്ട്രിക്ട് പാസ്റ്ററുമാണ്. (കഴിഞ്ഞ ലക്കം കൗൺസിൽ അംഗങ്ങളുടെ വാർത്തയിൽ ഇദ്ദേഹത്തിന്റെ ഫോട്ടോ ചേർക്കുവാൻ കഴിഞ്ഞില്ല.)

ചോദ്യോത്തരവേദി

# പെന്തെക്കോസ്തു സഭകളിലെ അഞ്ചുവിഭാഗം പ്രവാചകന്മാർ



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

*ചോദ്യം:* ഒരു പ്രവാചകൻ സഭയിൽ ശുശ്രൂഷയ്ക്ക് വരുന്നുണ്ടെന്നറിഞ്ഞാൽ അന്ന് സഭയിൽ ആളുകൾ കൂടും. എല്ലാവർക്കും അവരുടെ ഭാവി അറിയുന്നതിൽ താല്പര്യമാണ്. എന്നാൽ ശുശ്രൂഷയ്ക്ക് ശേഷം, സഭയിൽ ഭക്തന്മാർ ഉണ്ടാകുകയോ, സഭയ്ക്ക് നന്മയോ ഉണ്ടാകുന്നില്ല. കൂടുതലും ദോഷമാണ് ഉണ്ടാകുക. കാരണം എന്താണ്?

**– ബിനു മത്തായി, മാവേലിക്കര**

*ഉത്തരം:* അന്യഭാഷയോ, അതിന്റെ വ്യാഖ്യാനമോ, പ്രവചനമോ ഒന്നും ഒരു പെന്തെക്കോസ്തു സഭയിൽ ഇല്ലെങ്കിൽ അതൊരു സഭാകൂടിവരവായി ഗണിക്കാനാവില്ല. കാരണം ഇതെല്ലാം വിശ്വസിക്കുകയും അനുഭവിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഏക ക്രിസ്തീയവിഭാഗം പെന്തെക്കോസ്തു സഭാവിഭാഗമാണ്. സത്യാത്മാവിന്റെ വെളിപ്പെടുത്തൽ കേൾക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. അതുകൊണ്ട് പ്രവചന ശുശ്രൂഷ ചെയ്യുന്നവർക്ക് നല്ല തിരക്കാണ്. വിവേചനവരത്തെക്കുറിച്ച് സഭയിൽ പഠിപ്പീരില്ലാത്തതുകാരണം, വന്നവൻ തട്ടിപ്പുകാരനാണോ, ഇളക്കപ്പെരുക്കക്കാരനാണോ, ഭൂതം ബാധിച്ചവനാണോ എന്നാർക്കും നിശ്ചയമില്ല. യഥാർത്ഥ നോട്ട് പ്രചാരത്തിലുള്ളതുകൊണ്ടാണ് കള്ളനോട്ടും പ്രചരിക്കുന്നത്. 5000 രൂപയുടെ കള്ളനോട്ട് ഇറങ്ങാത്തതിന്റെ കാരണം 5000 രൂപയുടെ യഥാർത്ഥനോട്ട് പ്രചാരത്തിലില്ലാത്തതുകൊണ്ടാണ്. സാധാരണ ജനത്തിന് നല്ല നോട്ടിനോട് വളരെ സാമ്യമുള്ള കള്ളനോട്ട് മനസ്സിലാക്കിയെടുക്കാനുള്ള പരിജ്ഞാനമില്ല. നല്ലതാണെങ്കിലും ചീത്തയാണെങ്കിലും പിടിക്കപ്പെടാത്ത നോട്ട് കിട്ടണമെന്നേ സാധാരണ ജനത്തിന് താല്പര്യമുള്ളൂ. മിക്ക സഭാംഗങ്ങളും വളരെ താഴ്ന്ന സാമൂഹിക സാമ്പത്തിക സ്ഥിതിയിൽ വച്ച് കർത്താവിനെ സ്വീകരിച്ചവരായതുകൊണ്ട്, അവിശ്വാസികളായ സമ്പന്നന്മാരോട് പിടിച്ചുനില്ക്കുവാൻ, തന്നെ പെട്ടെന്ന് സമ്പന്നനാക്കുന്ന, ഒരു കർത്താവിനെയാണ് അവർക്കാവശ്യം. കാരണം, ജഡവും ലോകവും അതാണാവശ്യപ്പെടുന്നത്. ഇൻഡ്യയിലെ വിശ്വാസികളെല്ലാം വ്യക്തിപരമായി തലകുത്തിനിന്ന് പ്രാർത്ഥിച്ചിട്ടും ഉപവസിച്ചിട്ടും, തമ്പേറ് അടിച്ചും മൈക്രോഫോണിൽ കൂടി ശബ്ദമലിനീകരണം നടത്തിയിട്ടും, അവരെ ഇൻഡ്യയിലെ ആദ്യത്തെ പതിനായിരം സമ്പന്നന്മാരുടെ പട്ടികയിൽ ഇതുവരെ ഒരു വിശ്വാസിക്കും ഇടം പിടിക്കാൻ ഏകസത്യദൈവമായ കർത്താവ് അനുവദിച്ചിട്ടില്ല. വിശ്വാസികളുടെ പല പ്രാർത്ഥനകൾക്കും ഉത്തരമില്ല (യാക്കോബ് 4:3). എല്ലാ പ്രാർത്ഥനകൾക്കും മറുപടി കിട്ടിയിരുന്നെങ്കിൽ പല വിശ്വാസികളും അംബാനിമാരേക്കാളും ബിൽ ഗേറ്റ്സിനെക്കാളും സമ്പന്നരാകുമായിരുന്നു. പെട്ടെന്ന് സമ്പന്നനായാൽ അതവരെ ആത്മീയ നാശത്തിലേക്ക് നയിക്കുമെന്നുള്ളതുകൊണ്ട് പലരുടെയും പ്രാർത്ഥന ക്രമീകരിച്ചാണ് സ്വർഗ്ഗം സ്വീകരിക്കുന്നത്. വചനം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നാം അറിയുന്നില്ലല്ലോ. അതുകൊണ്ട് ആത്മാവ് നമ്മുടെ പ്രാർത്ഥനകളെല്ലാം വെട്ടിച്ചുരുക്കി ക്രമീകരിച്ചതാണ് മറുപടിക്കായി ദൈവസന്നിധിയിൽ വയ്ക്കുന്നത്” (റോമർ 8:26, 27 സ്വതന്ത്രപരിഭാഷ).

ഈ ലോകജീവിതത്തിലെ നേട്ടങ്ങളെക്കുറിച്ച് മിക്കവർക്കും താല്പര്യമായതിനാൽ, അതിനെക്കുറിച്ച് സംസാരിക്കുന്ന നേതാക്കളെയാണ് മിക്കവർക്കും ആവശ്യം. അതിന് അപ്പൊസ്തലിക ഉപദേശങ്ങൾ ആവശ്യമില്ല. സത്യോപദേശം ഗ്രഹിക്കാൻ താല്പര്യമില്ലാത്തവനും തൊഴിലൊന്നും ചെയ്യാൻ താല്പര്യമില്ലാത്തവനും ദൈവത്തെ ഭയമില്ലാത്തവനും, വിശുദ്ധജീവിതം നയിക്കുന്നതിനോട് എതിർപ്പുള്ളവനുമായ ഏത് അണ്ടനും അടകോടനും (കൊള്ളരുതാത്തവൻ)– മലയാളഭാഷാനിഘണ്ടു) കള്ളപ്രവാചകനാകാം. ഒരു ദേശത്ത് പരാജയപ്പെട്ടാലോ നാറിപ്പോയാലോ അടുത്ത ദേശത്തേക്ക് മാറിപ്പോകാം. ചെടിച്ചട്ടിയിൽ ഇരിക്കുന്ന ചെടിയായതുകൊണ്ട്, വോരോട്ടമില്ലാത്തതിനാൽ എവിടെ വേണമെങ്കിലും മാറ്റി വയ്ക്കാം. ദൈവത്തെ ഭയമില്ലാത്തതുകൊണ്ട് ഏത് കള്ളസാക്ഷ്യം വേണമെങ്കിലും പറയാം. ദൈവം തന്നിൽകൂടി സംസാരിക്കുന്നു എന്നു മറ്റുള്ളവരെ എങ്ങനെയെങ്കിലും ബോധ്യപ്പെടുത്തിയാൽ, ഇതുവരെ ജീവിതത്തിൽ കിട്ടിയിട്ടില്ലാത്ത ബഹുമാനവും സമ്പത്തും ലഭിക്കുകയും ചെയ്യും. ആത്മീയ അഭിനയത്തിലൂടെ ലഭിക്കുന്ന ബഹുമാനവും സമ്പത്തുമാണ് പ്രവാചക ശുശ്രൂഷയുടെ പ്രലോഭനവും ആകർഷണീയതയും. പെന്തെക്കോസ്തു സഭകളിലുള്ള പ്രവാചകന്മാരെ പ്രധാനമായും അഞ്ച് ഗ്രൂപ്പുകളായി തിരിക്കാം.

1) വചനത്തെ ഭയമുള്ള പ്രവാചകന്മാർ (സത്യത്തിന്റെ ആത്മാവുള്ള പ്രവാചകന്മാർ)
2) ദുരാത്മാവുള്ള പ്രവാചകന്മാർ (ഇവരെ ഭരിക്കുന്നത് സത്യത്തിന്റെ ആത്മാവല്ല)
3) മനസ്സിൽ തോന്നുന്നതെല്ലാം വിളിച്ചുകൂവുന്ന ഇളക്കപ്പെരുക്കക്കാർ
4) മാനസിക വൈകല്യമുള്ളവർ (ഇവർ മാനസിക രോഗികളാണ്. ചികിത്സ വേണ്ടിയവരാണ്)
5) ബുദ്ധി ഉപയോഗിച്ച് തട്ടിപ്പു നടത്തുന്ന പ്രവാചകന്മാർ

ബുദ്ധി ഉപയോഗിച്ച് പേരെടുക്കുന്ന പ്രവാചകർ താഴെപ്പറയുന്ന പദസമ്പത്തുള്ളവരായിരിക്കും.

വിദ്യാഭ്യാസമുള്ളവനെയോ പണക്കാരനെയോ യോഗത്തിൽ കണ്ടാൽ അവരിങ്ങനെ പ്രവചിച്ചിരിക്കും: ‘നിന്നെ ഞാൻ മാനിക്കും. നീ ആകാശത്തു കൂടി പറക്കും നീ രാജാക്കന്മാരോടും ഭരണകർത്താക്കളോടും സുവിശേഷം അറിയിക്കും. നീ എന്റെ ജനത്തിനൊരു തണലായിരിക്കും’.

ഒരു പരിചയവുമില്ലാത്തവരോട് പ്രവചിക്കാവുന്ന ചില വാചകങ്ങൾ

1) ‘നിന്റെ വീഴ്ച കാണാൻ കാത്തിരുന്ന ശത്രുവിന്റെ മുമ്പിൽ നിന്നെ ഞാൻ മാനിക്കും. നിനക്കു പുതുവഴികൾ തുറന്നുതരും. നീ പണിയാത്ത വീട്ടിൽ നീ താമസിക്കും. നീ വേല ചെയ്യാത്ത മുന്തിരിവള്ളിയിൽ നിന്ന് നിനക്ക് അനുഭവം ഉണ്ടാകും.

2) ‘ജീവിതത്തിൽ വട്ടമിട്ട് പോരാടുന്ന ചില അന്ധകാര ശക്തികൾ ഇന്നാളുകളിൽ നിന്റെമേൽ നോട്ടമിട്ടിട്ടുണ്ട്. ചില ദിവസങ്ങൾ മുട്ടുമടക്കി പ്രാർത്ഥിക്കുവാൻ ആലോചന പറയുന്നു’

3) ‘മകനെ, മൂന്ന് മാസത്തേക്ക് വാഹനയാത്ര സൂക്ഷിക്കുക’

4) മകനെ, നിന്നെ ഈ നാളുകളിൽ മൂർച്ചയുള്ള മെതിവണ്ടിയാക്കും

5) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രണ്ടുതവണയാണ് മരണകരമായ ആപത്ത് നിന്നെ വിട്ടുമാറിയത്. അതു എന്റെ കരുണ ആയിരുന്നു”.

യോഗങ്ങളിൽ ഒരു പരിചയവുമില്ലാത്ത സഹോദരിമാരോട് പ്രവചിക്കാവുന്ന ചില പ്രവചനങ്ങൾ

1) വയറുവേദനയാൽ ഭാരപ്പെടുന്ന സഹോദരി കർത്താവു നിന്നെ തൊടുന്നു

2) ഭർത്താവിനെ ഓർത്ത് ഭാരപ്പെടുന്ന സഹോദരി....നീ ഭയപ്പെടേണ്ട.

3) കുഞ്ഞുങ്ങൾക്ക് കൂടെകൂടെ അസുഖമുണ്ടായി നിരാശയിൽ ഇരിക്കുന്ന സഹോദരി....

4) സമ്പത്ത് വൈദ്യന്മാർക്ക് കൊടുക്കുന്ന സഹോദരി. കർത്താവ് നിന്ന് തൊടുന്നു.

5) ദാമ്പത്യബന്ധം അറ്റുപോകുവാൻ ശത്രു പ്രവർത്തിച്ചിട്ട് അത്ഭുതകരമായ വിടുതൽ ലഭിച്ച ചില വ്യക്തിജീവിതങ്ങൾ ഇവിടിരുപ്പുണ്ട്.

6) മകന്റെ വഴിപിഴച്ച പോക്കിനെ ഓർത്തു ഭാരപ്പെടുന്ന സഹോദരി നീ രാത്രികാലങ്ങളിൽ ദൈവസന്നിധിയിൽ കണ്ണീരൊഴുക്കുമെങ്കിൽ നിന്റെ മകനെ വിടുവിക്കാമെന്ന് ഇതാ ദൈവത്തിന്റെ ആത്മാവ് നിന്നെ അറിയിക്കുന്നു.

7) വിദേശയാത്രയ്ക്ക് ഒരുങ്ങി ശത്രുവഴി മുടക്കിയ ചില വ്യക്തി ജീവിതങ്ങളെ ഞാൻ കാണുന്നു.

8) ആറുമാസത്തിനുള്ളിൽ ഈ ദേശത്ത് അത്ഭുതപ്പെടുത്തുന്ന ഒരു സംഭവം ഉണ്ടാകാൻ പോകുന്നു. അത് ദൈവജനം കാത്തിരുന്ന് പ്രാർത്ഥിക്കുന്ന വിഷയങ്ങളുടെ മറുപടിയാണ്.

വചനത്തെ ഭയമുള്ള പ്രവാചകന്മാരെ ഒഴിച്ച്, മറ്റ് നാലു ഗ്രൂപ്പിലുള്ളവരുടെ ശുശ്രൂഷ അനുഭവിക്കുന്ന വ്യക്തികൾക്കും സഭയ്ക്കും ദൈവാനുഗ്രഹമുണ്ടാകില്ലെന്ന് മാത്രമല്ല, ഇന്നല്ലെങ്കിൽ നാളെ ദോഷം സംഭവിക്കുക തന്നെ ചെയ്യും. കാരണം ദൈവസാന്നിധ്യം സഭയിലോ ശുശ്രൂഷയിലോ ഇല്ലായിരുന്നല്ലോ. വ്യാജാന്മാവിന്റെ ശുശ്രൂഷ സന്തോഷത്തോടെ സ്വീകരിച്ചുവല്ലോ! **ശുശ്രൂഷകനെ നിങ്ങൾ പരീക്ഷിച്ചില്ലല്ലോ** (വെളിപ്പാട് 2:2).

## 01 ഒരു യുഗം അവസാനിച്ചു....

പുസ്തക വിജ്ഞാനം, പെന്തെക്കോസ്ത് ശുശ്രൂഷകർക്ക് മാർഗദർശി, ഐ.പി.സി. 75 വർഷങ്ങൾ, ഐ.പി.സി. ഹ്രസ്വചരിത്രം എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സഭയുടെ മുഖമാസികയായ സീയോൻ കാഹളത്തിന്റെ ചീഫ് എഡിറ്ററായിരുന്നു.

ഭാര്യ: കുമ്പനാട് പൂഴിക്കാലായിൽ പരേതയായ മേരി ഏബ്രഹാം (ഐ.പി.സി. സോദരീ സമാജം മുൻ പ്രസിഡന്റ്, റിട്ട. ഹെഡ്മിസ്ട്രസ് & A.E.O). മക്കൾ: പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം (ഐ.പി.സി. മുൻ ജനറൽ സെക്രട്ടറി, ഐ.പി.സി. പഞ്ചാബ് സ്റ്റേറ്റ് പ്രസിഡന്റ്), ഇന്ത്യ ബൈബിൾ കോളജ് പ്രസിഡന്റ്), ആനി ജേക്കബ് (കുവൈറ്റ്), സ്റ്റാർലാ ലൂക്ക് (ഇന്ത്യ ബൈബിൾ കോളജ് വൈസ് പ്രസിഡന്റ്), ഷേർലി ചാക്കോ (യു.എസ്.എ.). മരുമക്കൾ: കുഴിക്കാല തെക്കേതുണ്ടിയിൽ ലാലി ഏബ്രഹാം (യു. എസ്. എ.), പുല്ലാട് മങ്ങാട്ട് ജേക്കബ് തോമസ് (കുവൈറ്റ്), നിരണം മട്ടയ്ക്കൽ വെൺപറമ്പിൽ മേജർ വി.ഐ.ലൂക്ക്, നിലമ്പൂർ പനച്ചമൂട്ടിൽ വിജയ് പി. ചാക്കോ (യു.എസ്.എ). സഹോദരൻ: പരേതനായ പാസ്റ്റർ ഉമ്മൻ ഏബ്രഹാം.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്.....

ക് പാസ്റ്ററും, തുവയൂർ സഭയുടെ ശുശ്രൂഷകനുമായ ഇദ്ദേഹം കഴിഞ്ഞ ടേമിലും സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി ആയിരുന്നു. 40 വർഷത്തിലധികമായി സുവിശേഷ വേലയിൽ വ്യാപൃതനായിരിക്കുന്ന ഇദ്ദേഹം ജ്യോതിമാർഗ്ഗം വാർത്താ പത്രികയുടെ മാനേജിംഗ് എഡിറ്ററും പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ വൈസ് പ്രസിഡന്റും, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റുമായി പ്രവർത്തിക്കുന്നു. സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറി, പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യ ജനറൽ സെക്രട്ടറി, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യ ജനറൽ സെക്രട്ടറി, യൂത്ത് ഡയറക്ടർ, കേരളാ പെന്തക്കോസ്തൽ ഫെലോഷിപ്പ് സംസ്ഥാന കമ്മറ്റി അംഗം എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

വെച്ചുച്ചിറ സ്വദേശിയായ പാസ്റ്റർ കെ. ജി ജോൺ ആറാട്ടുപുഴ കാവുംമുഖത്ത് വീട്ടിൽ കെ. സി ജോർജിന്റെയും ഏലിയാമ്മ ജോർജിന്റെയും മകനായി ജനിച്ചു. മുളക്കുഴ മൗണ്ട് സയോൺ സെമിനാരിയിൽ വേദപഠനം പൂർത്തിയാക്കി. കൊട്ടാരക്കര ഡിസ്ട്രിക്ടിക്കിൽ കരിക്കം സഭയുടെ ശുശ്രൂഷകൻ, കേരളാ സ്റ്റേറ്റ് കൗൺസിലിങ്ങ് ഡിപ്പാർട്ട്മെന്റ് ട്രഷറാറുമാണ്. പ്രയർ സെൽബോർഡ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് പ്രയർ സെൽ ഡയറക്ടറായി പ്രവർത്തിക്കുന്ന പാസ്റ്റർ വി. പി തോമസ് നിലമ്പൂർ മുത്തേടത്ത് പാറയ്ക്കാട് വീട്ടിൽ പി. എസ് ഏബ്രഹാമിന്റെയും അമ്മിണി ഏബ്രഹാമിന്റെയും മകനായി ജനിച്ചു. മുളക്കുഴ മൗണ്ട് സയോൺ സെമിനാരിയിൽ വേദപഠനം പൂർത്തിയാക്കി. കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് ശുശ്രൂഷകനും പുതുപ്പള്ളി സഭയുടെ പാസ്റ്ററുമാണ്. സണ്ടേസ്കൂൾ, ലേഡിസ് മിനിസ്ട്രി എന്നിവയുടെ സോണൽ പ്രസിഡന്റായും, ഷാർജ യുണൈറ്റഡ് പ്രയർ ഫെലോഷിപ്പിന്റെ വൈസ് പ്രസിഡന്റായും, പി. സി. ഐ കോട്ടയം സോണൽ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

പാസ്റ്റർ വൈ മോനി കരവാളൂർ തോട്ടത്തിൽ പുത്തൻ വീട്ടിൽ യോഹന്നാൻ അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. മുളക്കുഴ മൗണ്ട് സയോൺ സെമിനാരിയിൽ വേദപഠനം പൂർത്തിയാക്കി. കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ടിക്കിൽ അഞ്ചേരി സഭയുടെ ശുശ്രൂകനാണ്. ഇവാഞ്ചലിസം ബോർഡ് അംഗമായും പ്രവർത്തിക്കുന്നു. വൈ. പി. ഇ തിരുവല്ലാ സോൺ ഫിനാൻസ് ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്.

## 01 സംയുക്ത പ്രാർത്ഥന...

ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ പറഞ്ഞു. മുളക്കുഴയിൽ ചർച്ച് ഓഫ് ഗോഡ് ആസ്ഥാനത്ത് ഫെബ്രു. 6–ന് നടന്ന സഭാ നേതാക്കളുടെയും കൗൺസിൽ അംഗങ്ങളുടെയും യുവജന പ്രസ്ഥാനങ്ങളുടെയും സംയുക്തയോഗത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

പാസ്റ്റർ ടി. എസ്. ഏബ്രഹാം, ഡോ. പോൾപിള്ള എന്നിവരുടെ നിര്യാണത്തിൽ സമ്മേളനം അനുശോചനം രേഖപ്പെടുത്തി. ചർച്ച് ഓഫ് ഗോഡ് ഓവർസിയർ റവ. സി. സി.തോമസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

തുടർന്ന് നടന്ന ദേശീയ പ്രാർത്ഥനാ ദിന ആലോചനയിൽ വിവിധ സഭാനേതാക്കൾ പ്രസംഗിച്ചു. പാസ്റ്റർമാരായ തോമസ് ഫിലിപ്പ് (ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്), ആർ. ഏബ്രഹാം (ന്യൂ ഇന്ത്യാ ദൈവസഭ), ഒ. എം. രാജുകുട്ടി (ഡബ്ല്യൂ യു. എം. ഇ.), പി. ജെ. തോമസ് (കല്ലുമല ദൈവസഭ) റോയ്സൺ ജോണി (ഏ.ജി.), പി. എം ജോൺ (ശാരോൻ), ജെയ്സൺ പി. കെ. (പെന്തെക്കോസ്ത് ദൈവസഭ), കെ. സി. സണ്ണിക്കുട്ടി (ചർച്ച് ഓഫ് ഗോഡ് റീജിയൻ), ജെറമ്മിയ സുന്ദരം (അപ്പോസ്തലിക് പെന്തെക്കോസ്ത് സഭ) തുടങ്ങിയവർ പ്രസംഗിച്ചു. ഐ.പി.സി. നേതാക്കളായ പാസ്റ്റർ കെ. സി. തോമസ്, ബേബി വർഗീസ്, സി. സി. തോമസ്, ജോയ് താനവേലിൽ ചർച്ച് ഓഫ് ഗോഡ് നേതാക്കളായ പാസ്റ്റേഴ്സ് വൈ. റെജി, ജെ. ജോസഫ്, എ.ടി. ജോസഫ്, ജോസഫ് മറ്റത്തുകാല, ശാരോൻ നേതാക്കളായ പാസ്റ്റേഴ്സ് ഫിന്നി ജേക്കബ്, കെ. ജി. മാത്യു തുടങ്ങി നിരവധി നേതാക്കൾ പങ്കെടുത്തു. കോർഡിനേറ്റർ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ സ്വാഗതം പറഞ്ഞു.

## 01 വടക്കേ ഇൻഡ്യയുടെ....

പുത്രനായിരുന്നു.

വടക്കെ ഇന്ത്യയിലെ പ്രധാന വേദശാസ്ത്രപഠനശാലയായ ഹരിയാനയിലെ ഗ്രേസ് ബൈബിൾ കോളജ് തന്റെ ആഴമേറിയ ദൈവീക ദർശ്ശനത്തിന്റെ സാഫലീകരണമായിരുന്നു. ഇന്ത്യയിലെ ക്രൈസ്തവ നേതാക്കളിൽ അനേകർ ഗ്രേസ് ബൈബിൾ കോളജിലെ പൂർവ്വവിദ്യാർത്ഥികളാണ്. സംസ്കാരശുശ്രൂഷ വ്യാഴാഴ്ച രാവിലെ പന്ത്രണ്ട് മണിക്ക് ഗോൾഡാഖാന കത്തീഡ്രൽ ക്രിസ്ത്യൻ സെമിത്തേരിയിൽ വച്ച് നടക്കുന്നതാണ്.

# നിത്യതയിൽ



**പൗലോസ് (79)**

**വെള്ളറട:** ആനപ്പാറ എലിവാലക്കോണം ഭവനാംഗവും വെള്ളറട ഐ.പി.സി. സഭാവിശ്വാസിയുമായ പൗലോസ് 79 നിത്യതയിൽ. സംസ്കാരം നടന്നു. പാസ്റ്റർ റെജികുമാർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ വി.എ.സണ്ണി മുഖ്യ ശുശ്രൂഷ ചെയ്തു. പാസ്റ്റർ സെൽവാനോസ്, സുവി. ഇ. അബി, പാസ്റ്റർ എസ്. ഇ. ജ്ഞാനദാസ് എന്നിവർ അനുശോചനം പറഞ്ഞു. ഭാര്യ: കമലം. മക്കൾ: ഉഷാ, ഷീലാകുമാരി, പരേതനായ മണികണ്ഠൻ, പ്രീതാ. മരുമക്കൾ: പാസ്റ്റർ സി. എബനേസർ, പാസ്റ്റർ സ്റ്റാൻലി ജോൺ, പാസ്റ്റർ റ്റി. ശാമുവേൽ, മിനി.



**സുശീല ഗർസോൻ (59)**

**വെള്ളറട:** മാർത്താണ്ഡം കാരോട് റോഡരികത്തു കുടുംബാംഗവും മുംബൈ ഗോഡ്സ് മിഷൻ സഭാശുശ്രൂഷകൻ പാസ്റ്റർ ഗർസോന്റെ ഭാര്യ സുശീല ഗർസോൻ (59) മുംബൈയിൽ നിര്യാതയായി. സംസ്കാരം നടത്തി. പാസ്റ്റർ ആർ. ഫ്രാൻസിസ് ശുശ്രൂഷകൾക്ക് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. പി. ജോസഫ് മുഖ്യശുശ്രൂഷ നടത്തി. പാസ്റ്റർമാരായ സത്യനേശൻ, സാം, ബോബസ്, എ. റ്റി. തങ്കച്ചൻ, റോബിൻസൻ, ഏലി, ഏബ്രഹാം, ഡേവിഡ് എന്നിവർ അനുശോചനം അറിയിച്ചു. മക്കൾ: ജോണിലി, ഓർലാന്റ്, പെഴ്സി, സബിനാ. മരുമക്കൾ: ജിജ ജോണിലി, മാർട്ടിൻ വെള്ളറട.



**പ്രസീനാ (85)**

**വെള്ളറട:** കുടപ്പനമൂട് നുള്ളിയോട് പീറ്റർ വിലാസത്തിൽ ചാപ്പാത്തിൻകര ശാരോൻ സഭാവിശ്വാസിയുമായ പരേതനായ തമ്പിയുടെ ഭാര്യ പ്രസീനാ (85) നിത്യതയിൽ. സംസ്കാരം നടത്തി. പാസ്റ്റർ പി. ഷാജി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. പി. ജോസഫ് മുഖ്യശുശ്രൂഷ നടത്തി. പാസ്റ്റർമാരായ ബി.ജെ. ക്രിസ്തുദാസ്, ലൈഫ് ഫോർ ബൈബിൾ കോളജ് പ്രിൻസിപ്പാൾ, വൈ. യോഹന്നാൻ, ഡി.പി.ജോൺ, ഫിലിപ്പ് ഡാനിയേൽ, ജോസഫ് ഐസക്ക്, എം. ജെ. വിജയകുമാർ എന്നിവർ ശുശ്രൂഷിച്ചു. പാസ്റ്റർ എസ്. ഈ. ജ്ഞാനദാസ് ഭവനത്തിൽ അനുശോചനം അറിയിച്ചു.

# വേണം, മെഡൽ സൂക്ഷിക്കാനൊരു കൂര



പ്രിസ്കില്ല ഡാനിയേലിന് മെഡലുകൾ സൂക്ഷിക്കാൻ മറ്റൊരു വാടകവീട് എടുക്കേണ്ടിവരുമോ? എന്തെന്നാൽ, ഈ പെൺകുട്ടി മെഡലുകൾ നേടിക്കൊണ്ടേയിരിക്കുന്നു. ഇവളുടെ കുടുംബം ചെറിയൊരു വാടകവീട്ടിലാണ് ഇപ്പോൾ കഴിയുന്നത്. വളരെ എളിയ സാഹചര്യത്തിൽ നിന്നുലന്ന് സുവർണ നേട്ടങ്ങൾ കൊയ്യുകയാണ് ഈ കൗമാര പ്രതിഭ.

ഭോപ്പാൽ ദേശീയ ജൂനിയർ സ്കൂൾ മീറ്റിൽ നിന്ന് കിട്ടിയ മൂന്നു സ്വർണങ്ങളുമായി വിജയവാഡയ്ക്കടുത്ത് മംഗളഗിരിയിൽ ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റിനെത്തിയ പ്രിസ്കില്ല അവിടെയും മോശമാക്കിയില്ല. ഞായറാഴ്ച സമാപിച്ച മീറ്റിൽ ഈ കുട്ടി രണ്ടു സ്വർണംകൂടി നേടി. രണ്ടാഴ്ചയ്ക്കകം കിട്ടിയത്. ദേശീയതലത്തിലെ അഞ്ചു സ്വർണമെഡലുകൾ. വിശാഖപട്ടണത്ത് നടന്ന ദേശീയ അന്തർ ജില്ലാ അത്‌ലറ്റിക്സിൽ 400 മീറ്ററിൽ സ്വർണം നേടി. ഭോപ്പാൽ മീറ്റിൽ പെൺകുട്ടികളുടെ അണ്ടർ–17 വിഭാഗം 400,800 മീറ്റർ ഓട്ടങ്ങളിലും 4x400 മീറ്റർ റിലേയിലുമായിരുന്നു സ്വർണം. മംഗളഗിരിയിലെ ജൂനിയർ മീറ്റിൽ അണ്ടർ –16 വിഭാഗത്തിലാണ് രണ്ടു സ്വർണം നേടിയത്. 400 മീറ്റർ ഓട്ടത്തിലും 1000 മീറ്റർ മെഡ്‌ലേറിലേയിലും. പാലായിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ രണ്ടു സ്വർണം നേടിയിരുന്നു. ചെറിയ തലങ്ങളിൽ കിട്ടിയ സമ്മാനങ്ങൾ വേറെയുമുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പേരേക്കോണം സ്വദേശിനിയാണ് പ്രിസ്കില്ല. അച്ഛൻ എ. ഡാനിയേൽ ടാപ്പിങ് തൊഴിലാളി. തൊഴിൽ തേടി കുടുംബം പത്തനംതിട്ട നെല്ലിമലയിലെത്തി വാടകയ്ക്ക് ഒരു ചെറിയ വീടെടുത്തു കഴിയുന്നു. അമ്മ ഗ്രേസി വീട്ടമ്മയാണ്. പ്രിസ്ക്കിലയുടെ ചേച്ചി ഷെബ ഡാനിയേൽ കംപ്യൂട്ടർ പഠിക്കുന്നു. ഷെബയ്ക്ക് എം.ജി. സർവകലാശാല അത്‌ലറ്റിക്സിൽ സമ്മാനം കിട്ടിയിട്ടുണ്ട്. ഐ.പി.സി. സീയോൺ നെല്ലിമല കുമ്പനാട് സഭാംഗമാണ്. ആകെ 6 സ്വർണ മെഡൽ ഈ കൊച്ചുമിടുക്കി കരസ്ഥമാക്കി.

പേരേക്കോണത്ത് മുപ്പതുകൊല്ലംമുമ്പ് മൺകട്ടകൊണ്ടു പണിത വീട് നിലംപൊത്തുന്ന നിലയിലാണ്. പത്തനംതിട്ട സെന്റ് ജോൺസ് സ്കൂളിൽ പഠിച്ച് ഓട്ടം പരിശീലിച്ച ഈ മിടുക്കി ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ തുണ്ടത്തിൽ എം.വി.എച്ച്.എസ്.എസിൽ പത്താംക്ലാസ് വിദ്യാർത്ഥിയാണ്.

രണ്ടുകൊല്ലമായി തിരുവനന്തപുരത്ത് സായിയിൽ ജോയ് ജോസഫിന്റെ മേൽനോട്ടത്തിലാണ് പരിശീലനം. രാജ്യത്തിന് ഭാവിയിലേക്ക് കാണാവുന്ന താരമാണ് ഈ കുട്ടിയെന്ന് പരിശീലകനും പറയുന്നു.

**എ. ഡാനിയേൽ, താന്നിക്കൽ ഹൗസ്, നെല്ലിമല പി.ഒ., ഇരവിപേരൂർ, പത്തനംതിട്ട, പിൻകോഡ്: 689 542, ഫോൺ: 9446755496**

**Federal Bank, A/c No: 11340100077459**
**Eraviperoor Branch, IFSC Code: FDRL0001134**

# ഭാരതപ്പുഴ കൺവൻഷൻ

**ഒറ്റപ്പാലം:** പ്രസിദ്ധമായ ഭാരതപ്പുഴ കൺവൻഷൻ ഫെബ്രുവരി 15 മുതൽ 18 വരെ ഒറ്റപ്പാലം ഭാരതപ്പുഴയിൽ നടക്കും.പാസ്റ്റർമാരായ പ്രിൻസ് തോമസ്, തോമസ് മാമൻ, ടിനു ജോർജ് ,അനീഷ് തോമസ് റാന്നി എന്നിവർ പ്രസംഗിക്കും. സ്റ്റീഫൻ ദേവസി, പീറ്റർ വർഗീസ് എന്നിവരുടെ നേതൃത്യത്തിൽ ഗാനശുശ്രൂഷ നടക്കും. ബൈബിൾ ക്ലാസ്, ഉപവാസ പ്രാർത്ഥന, യുവജന സമ്മേളനം എന്നിവ നടക്കും

# കുമ്പനാട് സെന്റർ പി വൈ പി എക്ക് പുതിയ നേതൃത്വം....



പാസ്റ്റർ ബ്ലസൻ കുഴിക്കാല



നെവിൻ മങ്ങാട്ട്

**കുമ്പനാട്:** ഇന്ത്യാ പെന്തകോസ്ത് ദൈവസഭയുടെ ഏറ്റവും വലിയ സെന്റർ ആയിരിക്കുന്ന കുമ്പനാട് സെന്റർ പി വൈ പി എയുടെ പുതിയ ഭരണസമിതി (201821) 26 ജനുവരിൽ കൂടിയ ജനറൽ ബോഡിയിൽ നിലവിൽവന്നു. പാസ്റ്റർ ബ്ലസൻ കുഴിക്കാല പ്രസിഡന്റായും, നെവിൻ മങ്ങാട്ട് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. പി വൈ പി എ സ്റ്റേറ്റ് ട്രെഷറർ ജസ്റ്റിൻ നെടുവേലിൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ തോമസ് നൈനാൻ റിട്ടേർണിംഗ് ഓഫീസർ ആയിരുന്നു. പാസ്റ്റർ ഷിബു നെടുവേലിൽ അനുഗ്രഹ പ്രാർത്ഥന നടത്തി. പാസ്റ്റർമാരായ ടി എ ജോസഫ്, ജോസ് വർഗീസ്, സിനോജ് ജോർജ്, ഷൈജു കെ എം, അനിയന്കുഞ്ഞു സി വി, എബ്രഹാം വർഗീസ്, ജെയ്സൺ കെ സാം എന്നിവരും വിൻസി പി മാമൻ, ബേസിൽ ബെന്നി, ജോസ്സി പ്ലാത്താനത് എന്നിവർ പ്രസംഗിച്ചു.ദൈവ നൽകിയ ചെറിയ കഴിവുകൾ ദൈവ രാജ്യത്തിന്റെ വിസ്തൃതിക്കും കെട്ടുറപ്പിനും വേണ്ടി കുമ്പനാട് സെന്ററിലെ യുവജങ്ങളാൽ ചെയ്തെടുക്കുക എന്നതാവും പ്രവർത്തനങ്ങളുടെ വിഷൻ എന്ന് സെക്രട്ടറി അറിയിച്ചു.

മറ്റ് ഭാരവാഹികൾ: അജിൻ ടി തോമസ്, കാലേബ് ജീ ജോർജ് (വൈസ് പ്രസിഡന്റുമാർ), ഫിന്നി ഫിലിപ്പ്, റ്റിജിൻ സി തങ്കച്ചൻ (ജോയിന്റ് സെക്രട്ടറിമാർ), ജിനോയ് ജോൺ (ട്രെഷറർ), റിച്ചി മാമൻ (പബ്ലിസിറ്റി കൺവീനർ), ജെമി ജെ മാത്യു (താലന്ത് കൺവീനർ), ജസ്റ്റിൻ നെടുവേലിൽ (സ്റ്റേറ്റ് പ്രതിനിധി). കമ്മിറ്റി അംഗങ്ങൾ: ആൽവിൻ ജോസഫ്, സാം മാത്യു, ആൽബർട്ട് സുരേഷ്, ഫേബ മേരി ജോൺ, റീജ മെർലിൻ.

# പി.വൈ.പി.എ മലപ്പുറം ജില്ലാ സമ്മേളനം




പി.വൈ.പി.എ സംസ്ഥാന സെക്രട്ടറി ലൈജു ജോർജ് സംസാരിക്കുന്നു

**മലപ്പുറം:** പി.വൈ.പി.എ മലപ്പുറം സോണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 26 ന്സു വിശേഷ പര്യടന റാലി നടന്നു. ജില്ലയുടെ വിവിധയിടങ്ങളിൽ പരസ്യ യോഗങ്ങളുംട്രാക്റ്റ് വിതരണവും നടന്നു.വൈകിട്ട് എടവണ്ണയിൽ നടന്ന മിനി കൺവൻഷൻ ഐപിസി മലബാർ മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് ഉദ്ഘാടനംചെയ്തു. പാസ്റ്റർ ജോജി ഏബ്രഹാം അദ്ധ്യഷനായിരുന്നു. പി.വൈ.പി.എ സംസ്ഥാന സെക്രട്ടറി ലൈജു ജോർജ് മുഖ്യ പ്രഭാഷണം നടത്തി.ഇവാ. പെയ്സൺ മാത്യു, സജി മത്തായി കാതട്ട്, സാം കൊണ്ടാഴി, ജെയിംസ് വർക്കി, വിനോഷ്, പാസ്റ്റർ ജേക്കബ്, പാസ്റ്റർ കെ.എം. മാത്യുഎന്നിവർ പ്രസംഗിച്ചു.



MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 11, ISSUE 03

BELIEVERS JOURNAL

PUBLISHED ON 10/02/2018

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10

# ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ കൺവൻഷൻ സമാപിച്ചു



94–ാമത് കുമ്പനാട് കൺവൻഷനിൽ സഭാ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പ്രസംഗിച്ചു.

**കുമ്പനാട്:** അസാധ്യങ്ങളെ സാധ്യമാക്കുന്നതാണ് ഉയരത്തിൽ നിന്നും ലഭിക്കുന്ന ശക്തിയെന്ന് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മുൻ ആക്ടിങ്ങ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് പറഞ്ഞു.

94–ാമത് കുമ്പനാട് കൺവൻഷന്റെ സമാപനയോഗത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരിശുദ്ധാത്മ ശക്തി ഉയരത്തിൽ നിന്നും ലഭിക്കുന്നതാണ്. യേശുക്രിസ്തുവിനെ ഉയർപ്പിച്ച ആത്മാവ് ഉയരത്തിൽ നിന്നുള്ളതാണ്. അത് പ്രാപിപ്പാൻ വാഞ്ചയോടെ കാത്തിരിക്കണമെന്ന് പാസ്റ്റർ സാം ജോർജ് ആഹ്വാനം ചെയ്തു.

ഐ.പി.സി. നോർത്ത് അമേരിക്കൻ സെൻട്രൽ റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് കോശി അധ്യക്ഷത വഹിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ ബേബി വർഗീസ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, ട്രഷറർ സജി പോൾ എന്നിവർ പ്രസംഗിച്ചു.

സഭ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ സമാപന സന്ദേശം നൽകി. ബൈബിൾ പ്രവചനങ്ങൾ നിവർത്തിയാകുന്നത് കാണുമ്പോൾ പ്രതീക്ഷ കൈവിടാതെ മുന്നേറാൻ കഴിയുന്നവരാകണമെന്ന് പാസ്റ്റർ കെ. സി. ജോൺ പറഞ്ഞു.

നേരത്തെ പതിനായിരങ്ങൾ പങ്കെടുത്ത ഭക്തിനിർഭരായ തിരുവത്താഴ ശുശ്രൂഷയ്ക്ക് ഐ.പി.സി. സീനിയർ മിനിസ്റ്റർ പാസ്റ്റർ എം. വി. വർഗീസ് കാർമ്മികത്വം വഹിച്ചു. ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ വി. ജെ. തോമസ്, തോമസ് ജോർജ് എന്നിവർ പ്രസംഗിച്ചു. സാം കുഴിക്കാല,. പാസ്റ്റർ റോയി പൂവക്കാല, അജി കല്ലുങ്കൽ എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അടുത്ത കൺവൻഷൻ 2019 ജനുവരി 13 മുതൽ 20 വരെ നടക്കും.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ സമാപിച്ചു

**ശുശ്രൂഷയേക്കാൾ ദൈവവുമായുള്ള ബന്ധം വലിയത് : റവ. സി. സി തോമസ്**



ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് കർത്ത്യമേശയ്ക്ക് നേതൃത്വം വഹിക്കുന്നു

**തിരുവല്ല:** ദൈവവുമായിട്ടുള്ള ബന്ധത്തേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നും ഈ ലോകത്തിൽ ഇല്ല. ശുശ്രൂഷയ്ക്കായി നാം ഓടി നടന്ന് അത് നിർവ്വഹിക്കുമ്പോൾ ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെട്ടു പോയാൽ നമ്മുടെ നിത്യത നഷ്ടപ്പെടും. ലോകത്തിൽ എല്ലാറ്റിനേക്കാളും വലുത് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യതയാണ്. ദൈവം ഒരുക്കുന്ന നിത്യ രാജ്യത്തെക്കുറിച്ചുള്ള ദർശനം ഉള്ളിൽ തിളയ്ക്കുമ്പോൾ അത് പ്രാപിക്കേണ്ടതിന് പ്രതീകൂല സാഹചര്യങ്ങൾ വന്നാലും നാം ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കണം എന്ന് പാസ്റ്റർ സി സി തോമസ് പറഞ്ഞു. തിരുവല്ലയിലെ ചർച്ച് ഓഫ് ഗോഡ് സഭാ സ്റ്റേഡിയത്തിൽ നടന്ന 95–ാമത് ജനറൽ കൺവൻഷന്റെ സമാപന യോഗത്തിൽ മുഖ്യ സന്ദേശം നല്കുക ആയിരുന്നു അദ്ദേഹം. കഷ്ടതയുടെയും പ്രതികൂലങ്ങളുടെയും നടുവിൽ വിളിച്ച ദൈവത്തെ മറന്ന് നാം ജീവിക്കരുത് ലോകത്തിൽ പലതും നേടിയെടുക്കാൻ നമുക്ക് കഴിയും, പേര് പ്രശസ്തി, ധനം, മാനം അങ്ങനെ എല്ലാം.

02

# AGIFNA 2018 രജിസ്ട്രേഷൻ തുടങ്ങി



AGIFNA 2018 ആദ്യ രജിസ്ട്രേഷൻ റവ. രാജൻ ഫിലിപ്പിൽ നിന്ന് റവ. മാനുവേൽ ജോൺസൺ സ്വീകരിക്കുന്നു

**ന്യൂയോർക്ക്:** AGIFNA 2018 രജിസ്ട്രേഷൻ കിക്കോഫ് മീറ്റിംഗ് ജനുവരി മാസം 27–ാം തീയതി ശനിയാഴ്ച ശാലേം അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ നടന്നു. കൺവീനർ റവ. മാനുവൽ ജോൺസന്റെ അദ്ധ്യക്ഷതയിൽ ക്രമീകരിക്കപ്പെട്ട സമ്മേളനത്തിൽ നാഷണൽ സെക്രട്ടറി ബിനു മാത്യു, ട്രഷറർ ജോൺ ലൂക്കോസ് എന്നിവർ കോൺഫ്രൻസിന്റെ ക്രമീകരണങ്ങളെയും ഭൗതികമായ ആവശ്യങ്ങളെയും കുറിച്ചും, റവ. ലിൻസൻ അബ്രഹാം യുവജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ചും, ഫ്ളോറൻസ് ജോൺസൺ സഹോദരിമാരുടെ മീറ്റിംഗിനെക്കുറിച്ചും സംസാരിച്ചു. ലോക്കൽ കമ്മിറ്റിയെ പ്രതിനിധീകരിച്ച് തോംസൺ പള്ളിലും മാത്യു പി. ചാക്കോയും സംസാരിച്ചു.

കോൺഫ്രൻസിന്റെ ആദ്യ സ്പോൺസർഷിപ്പ് രജിസ്ട്രേഷൻ റവ. രാജൻ ഫിലിപ്പിൽ നിന്നും കൺവീനർ ഏറ്റുവാങ്ങിക്കൊണ്ട് രജിസ്ട്രേഷന് ആരംഭം കുറിച്ചു. തുടർന്ന് അനേകരിൽ നിന്ന് സ്പോൺസർഷിപ്പും രജിസ്ട്രേഷനും സ്വീകരിച്ചു. മനോഹരമായ ഹോളിഡേ ഇൻ–ഉം, റോച്ചസ്റ്റർ കൺവൻഷൻ സെന്ററുമാണ് ജൂൺ മാസം 28 മുതൽ ജൂലൈ മാസം 1 വരെ നടക്കുന്ന കോൺഫ്രൻസിന് വേദിയാകുന്നത്. അനുഗ്രഹീത വിടുതലിൻ ശുശ്രൂഷകൾ ചെയ്യുന്ന ദൈവദാസന്മാർ ഈ മീറ്റിങ്ങിലേക്ക് എത്തിച്ചേരും. കോൺഫ്രൻസിന്റെ അനുഗ്രഹത്തിന് എല്ലാ തിങ്കളാഴ്ചയും പ്രാർത്ഥനകൾ ഫോണിൽ കൂടി നടക്കുന്നു. കൂടാതെ വിപുലമായ ഒരു ലോക്കൽ കമ്മിറ്റിയും നാഷണൽ കമ്മിറ്റിയോടൊപ്പം പ്രവർത്തനത്തിൽ പങ്കാളികളാണ് റവ. എം.എസ്. മത്തായിയുടെ പ്രാർത്ഥനയോടും, തോംസൺ പള്ളിലിന്റെ കൃതജ്ഞതയോടും കൂടി യോഗം പര്യവസാനിച്ചു.

കൂടുതൽ വിവരങ്ങൾക്കായി കോൺഫ്രൻസ് വെബ്സൈറ്റ് സന്ദർശിക്കുക: www.agifna.com

# ഏബ്രഹാം സാമുവേൽ ജോർജ്ജ് ഒന്നാം റാങ്ക് നേടി



പ്രശസ്ത സംഗീതജ്ഞനും വർഷിപ്പ് ലീഡറുമായ ഏബ്രഹാം സാമുവേൽ ജോർജ്ജ് (എബി സാമുവൽ) ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിന്റെ ഏറ്റവും ഉയർന്ന യോഗ്യതയായ ഫെലോഷിപ്പ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. കീബോർഡ് പെർഫോമൻസിൽ ഫെലോഷിപ്പ് നേടുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് എബ്രഹാം.

2017–ലെ അന്തർദേശീയ വാർഷിക ഫെലോഷിപ്പ് പരീക്ഷയിൽ 200/200 മാർക്കും നേടിക്കൊണ്ട് കീബോർഡ് പെർഫോമൻസിൽ ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിന്റെ ഫെലോഷിപ്പ് പദവി നേടിയ ആദ്യ ഇന്ത്യക്കാരനായി എബ്രഹാം. 2018 മെയ്–ൽ യു.കെ.യിലെ ലണ്ടൻ കോളജ് ഓഫ് മ്യൂസിക്കിൽ നടക്കുന്ന ഗ്രാഡുവേഷനിൽ വൈസ് ചാൻസലർ പീറ്റർ ജോൺ ഏബ്രഹാമിന് ഫെലോഷിപ്പ് നൽകും.

ചർച്ച് ഓഫ് ഗോഡ്, തൊടുപുഴ ഡിസ്ട്രിക്ട് പാസ്റ്റർ പി.ജി. സാമുവേലിന്റെയും ലീലാമ്മ സാമുവേലിന്റെയും മകനാണ് ഏബ്രഹാം.

ഭാര്യ: ഫേബ, മകൻ റയൻ.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് M.Com ഉം, എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് MBA യും നേടിയിട്ടുണ്ട്. കൂടാതെ അമേരിക്കയിലെ ബ്ലൂഫീൽഡ് കോളേജിൽ നിന്ന് B.Mus ഉം ലണ്ടൻ കോളജിൽ ഓഫ് മ്യൂസിക്കിൽ നിന്ന് ടീച്ചേഴ്സ് ലൈസെൻസിയേറ്റും നേടിയിട്ടുണ്ട്.

ഏഷ്യൻ ക്രിസ്ത്യൻ കോളജ് ഓഫ് മ്യൂസിക്കിന്റെയും സിഡിഎംഎസിന്റെയും ചീഫ് എക്സിക്യൂട്ടിവാണു ഏബ്രഹാം. കൂടാതെ 2016 മുതൽ CASIO ഇലക്ടോണിക് കീബോർഡിന്റെ ഇന്ത്യയുടെ ARTI-ST AMBASSADOR കൂടിയാണ് ഏബ്രഹാം.

ഇന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും, അമേരിക്കയിലും അനേകം യൂണിവേഴ്സിറ്റികളിലും വേദികളിലും പെർഫോമൻസുകളും, മ്യൂസിക് വർക്ഷോപ്പുകളും നടത്തിയിട്ടുണ്ട്. പിസിനാക് തുടങ്ങിയ അന്തർദേശീയ ക്രിസ്ത്യൻ സംഗമങ്ങളിലും കോൺഫറൻസുകളിലും വർഷിപ്പ് ലീഡ് ചെയ്തിട്ടുണ്ട്.

Website: www.beljourn.com

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.